# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി6)1164/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 03/10/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരി പത്രം സഹിതം)
2.അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ), തൃശ്ശൂർ
3.കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി6)1164/23 തീയ്യതി: 03/10/2023

## തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-04-2023 മുതൽ 04-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സുധാദാസ് | ജോയിന്റ് ഡയറക്ടർ | 05-07-2023 | 11-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-07-2023 | 11-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സബിത.എസ്., ഓഡിറ്റ് ഓഫീസർ
സുനിൽ പി.ബി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ദിവ്യ.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജീജോ ജോബ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ.വി.നഫീസ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ഹരിദാസ്.എം. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീജ.സി.വി. | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| സിബി.എ.പി. | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 19-07-2022 |
| അജി ഫ്രാൻസിസ് | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 20-07-2022 | 31-03-2023 |
| സുരഭി സി.എസ്. | അസി.എഞ്ചിനീയർ | 01-04-2022 | 13-09-2022 |
| വിപിൻദാസ് .എം.എസ്. | അസി.എഞ്ചിനീയർ | 14-09-2022 | 31-03-2023 |
| ഡോ.വി.എം.ഹാരിസ് | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ബിനു ലാൽ.എസ്. | വ്യവസായ വികസന ഓഫീസർ | 01-04-2022 | 06-07-2022 |
| നിബിൻ.കെ.എൻ. | വ്യവസായ വികസന ഓഫീസർ | 07-07-2022 | 01-11-2022 |
| ശ്രീജിത്ത് പി.ആർ. | വ്യവസായ വികസന ഓഫീസർ (ഇൻ ചാർജ്ജ്) | 02-11-2022 | 11-01-2023 |
| സിത്താര.പി.പി. | വ്യവസായ വികസന ഓഫീസർ | 12-01-2023 | 15-02-2023 |
| ശ്രീജിത്ത്.പി.ആർ. | വ്യവസായ വികസന ഓഫീസർ (ഇൻ ചാർജ്ജ്) | 16-02-2023 | 31-03-2023 |
| മിനി.പി.കെ. | ശിശുവികസന പ്രൊജക്ട് ഓഫീസർ | 01-04-2022 | 05-07-2022 |
| ശ്രീജ.പി.എം. | ശിശുവികസന പ്രൊജക്ട് ഓഫീസർ | 06-07-2022 | 15-12-2022 |
| ഒഴിവ് | ശിശുവികസന പ്രൊജക്ട് ഓഫീസർ | 16-12-2022 | 23-12-2022 |

| | | | |
|---|---|---|---|
| മിനി പി.കെ. | ശിശുവികസന പ്രൊജക്ട് ഓഫീസർ | 24-12-2022 | 31-03-2023 |
| നന്ദിനി.ടി. | ക്ഷീരവികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.സുഷമ.ഇ. | സൂപ്രണ്ട്,സി.എച്ച്.സി. എരുമപ്പെട്ടി | 01-04-2022 | 31-03-2023 |
| അജിത്ത് മോഹൻ.എൻ,കെ. | കൃഷി അസി.ഡയറക്ടർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ചെലവ് ശീർഷകത്തിൽ നെഗറ്റീവ് ബാലൻസ് കാണിക്കുന്നു. | 1-1-3 |
| 5 | ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ-പാസ്ബുക്കിലെ തുക വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-4 |
| 6 | തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി. | 1-1-5 |
| 7 | വാർഷിക പദ്ധതിച്ചെലവുകൾ - സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-7 |
| 9 | ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. | 1-1-8 |
| 10 | അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. | 1-1-9 |
| 11 | പ്രത്യേക ആവശ്യത്തിനുള്ള ഗ്രാന്റുകൾ - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. | 1-1-10 |
| 12 | ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-11 |
| 13 | മറ്റ് സ്ഥാപനങ്ങളിൽ നിന്നും ഗ്രാന്റ് ആയി നല്കിയ തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക "Capital Contribution" എന്ന ശീർഷകത്തിലേക്ക് മാറ്റിയില്ല | 1-1-12 |
| 14 | ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-13 |
| 15 | ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തി | 1-1-14 |
| 16 | ബജറ്റ്/റിവൈസ്ഡ് ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഫണ്ട് വിനിയോഗം | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |

| | | |
|---|---|---|
| 20 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 22 | ജീവനക്കാർക്ക് മുൻകൂർ തുക നൽകിയത് ക്രമീകരിച്ചില്ല. | 1-8 |
| 23 | മരുന്ന് വിതരണം ചെയ്തവിവരം ലഭ്യമാക്കേണ്ടതാണ് | 1-9 |
| 24 | ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിലെ കെട്ടിടങ്ങളിൽ നടത്തിയ പ്രവർത്തികൾ | 1-10 |
| 25 | ഫിസിയോതെറാപ്പിസ്റ്റ് വേതനം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നല്കി-44000രൂപ തിരിച്ചടക്കേണ്ടതാണ് | 1-11 |
| 26 | ഗുണഭോക്തലിസ്റ്റുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടില്ല | 1-12 |
| 27 | ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനം ലഭ്യമാക്കിയില്ല | 1-13 |
| 28 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-14 |
| 29 | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ വാർഷികകണക്കുകൾ ലഭ്യമാക്കേണ്ടതാണ് | 1-15 |
| 30 | സെക്കന്ററി പാലിയേറ്റീവ് പ്രോഗ്രാം-പൊതു അപാകങ്ങൾ | 1-16 |
| 31 | അങ്കണവാടിക്ക് സ്ഥലം വാങ്ങൽ പ്രോജക്ടുകളിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ അടവാക്കി | 1-17 |
| 32 | അങ്കണവാടിക്ക് സ്ഥലം വാങ്ങൽ പ്രോജക്ടുകൾ - ചട്ട പ്രകാരമുള്ള വിലനിർണ്ണയ സാക്ഷ്യ പത്രം ഇല്ലാതെ സ്ഥലം വാങ്ങി | 1-18 |
| 33 | ശീതീകരിച്ച പച്ചക്കറി വിപണനകേന്ദ്രത്തിനു കിണർ നിർമ്മാണവും വാട്ടർടാങ്ക്, മോട്ടോർ എന്നിവ സ്ഥാപിക്കൽ | 1-19 |
| 34 | ശീതികരിച്ച പച്ചക്കറി വിപണനകേന്ദ്രം - വേണ്ടത്ര സാധ്യതാ പഠനം നടത്തിയതിന്റെ രേഖകൾ ഇല്ല | 1-20 |
| 35 | പത്താഴകുണ്ട് കുടിവെള്ള പദ്ധതി മോട്ടോർ പമ്പ് സെറ്റ് മെയിന്റനൻസ് - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയുള്ള പദ്ധതി നിർവ്വഹണം | 1-21 |
| 36 | ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-22 |
| 37 | നബാർഡ് RIDF TRANCHE XXVൽ ഉൾപ്പെടുത്തി ഏറ്റെടുത്ത എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരക്കോട്-കൊടുമ്പ് ചാത്തൻചിറ റോഡ് പുനർനിർമ്മാണ പ്രവൃത്തി നാലുവർഷക്കാലമായിട്ടും ഫലപ്രാപ്തിയിലെത്തിയില്ല | 1-23 |
| 38 | പദ്ധതിരൂപീകരണവും നിർവ്വഹണവും മോണിറ്ററിംഗും (വികസനഫണ്ട്-പൊതുവിഭാഗം സാധാരണ വിഹിതം) എന്ന പ്രോജക്ടിൽ നിന്നും ജീവനക്കാർക്ക് ക്രമ വിരുദ്ധമായി യാത്രാബത്ത അനുവദിച്ചു നല്കി | 1-24 |

ഭാഗം **2**

--- No Records Found ---

| | | |
|---|---|---|
| ഭാഗം **3** | | |
| 1 | ഫാർമസിസ്റ്റിന് വേതനം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നല്കി-44000രൂപ തിരിച്ചടക്കേണ്ടതാണ് | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ - സംക്ഷിപ്തം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1). കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 16.05.2023 തീയതിയിലെ 1(1) നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 17.05.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: തൃശ്ശൂർ

തീയതി: 03.10.2023

ജോയിന്റ് ഡയറക്ടർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

### 1-1-2 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5957064/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (5698544)/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-3 ചെലവ് ശീർഷകത്തിൽ നെഗറ്റീവ് ബാലൻസ് കാണിക്കുന്നു.

ഇൻകം & എക്സ്പൻഡിച്ചർ പത്രികയിൽ ഷെഡ്യൂൾ I-12(b)-Operation & Maintainance Expenditure ഉൾപ്പെടുത്തിയിരിക്കുന്ന 230500503-Repairs & Maintainance-Drinking Water Pipelines എന്ന ശീർഷകത്തിലെ ചെലവ് (2,26,200) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ചെലവ് ശീർഷകത്തിൽ നെഗറ്റീവ് ബാലൻസ് വരുന്നതിനിടയായത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-4 ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ-പാസ്ബുക്കിലെ തുക വ്യത്യാസപ്പെട്ടിരിക്കുന്നു.

450650109-Treasury Special TSB-Joint Venture (A/c No. 799011400002788) എന്ന ശീർഷകത്തിന്റെ ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ ട്രഷറി സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് എന്ന് കാണിച്ചിരിക്കുന്നത് 1,05,934/- രൂപയാണ്. എന്നാൽ 31.03.2023 ന് റിഡംപ്ഷൻ ഇനത്തിൽ 1,05,934/- രൂപ സർക്കാർ തിരികെ എടുത്തിട്ടുണ്ട്. ടി തുക 431600199-Receivables From Govt. (Redemption Amount) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-5 തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി.

2022-23 വർഷത്തിൽ നടപ്പാക്കിയ ശീതീകരിച്ച പച്ചക്കറി വിപണന കേന്ദ്രത്തിന് വാട്ടർടാങ്ക്, മോട്ടോർ പമ്പ് സെറ്റ്, അനുബന്ധ പ്രവൃത്തികൾ (പ്രൊ.നം.124/23), ശീതികരിച്ച പച്ചക്കറി വിപണന കേന്ദ്രത്തിന് കിണർ നിർമ്മാണം എന്നിവയ്ക്കായി യഥാക്രമം ഭൂജലവകുപ്പിൽ 5,65,040/- രൂപ (വൗ.നം.22200749/24.03.23), 71,738/-(വൗ.നം.22200667/23.02.23) ഡെപ്പോസിറ്റ് എന്നിവ ചെയ്തിട്ടുണ്ട് . എന്നാൽ ടി ഇടപാടുകൾ 460500204- Advance To Implementing Agencies- Deposit With Ground Water Department എന്ന ശീർഷകത്തിൽ രേഖപ്പെടുത്തുന്നതിന് പകരം 412010101-Capital Work In Progress എന്ന ശീർഷകത്തിലാണ് രേഖപ്പെടുത്തിയത്.

1-1-6 വാർഷിക പദ്ധതിച്ചെലവുകൾ - സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല.

കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ്, ഗ്രാമപഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം മുതലായ ഫണ്ടുകൾ ഉപയോഗിച്ച് 2022-23 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ വിവിധ പ്രൊജക്ടുകളുടെ ചെലവുകൾ സുലേഖ ചെലവ് പത്രിക പ്രകാരവും വാർഷിക ധനകാര്യപത്രികയിലെ പത്രികകൾ പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ഫണ്ട് | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് | | | വ്യത്യാസം |
|---|---|---|---|---|---|---|
| | | | റവന്യൂ ചെലവ് (ഇൻകം & എക്സ്പൻഡിച്ചർ പത്രിക-ഷെഡ്യൂൾ I-6) | മൂലധനച്ചെലവ് (312100101-Capital Contribution ലെഡ്ജർ | ആകെ ചെലവ് | |

| | | | | പ്രകാരം) | | |
|---|---|---|---|---|---|---|
| 1 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 79,20,620 | 91,95,947 (128919+4961841+4105187) | 0 | 91,95,947 | 12,75,327 |
| 2 | ഗ്രാമ പഞ്ചായത്ത് വിഹിതം | 16,80,000 | 22,40,000 | 0 | 22,40,000 | 5,60,000 |
| 3 | ജില്ലാപഞ്ചായത്ത് വിഹിതം | 49,98,000 | 1,00,90,500 | 0 | 1,00,90,500 | 50,92,500 |

## 1-1-7 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-8 ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ബ്ലോക്ക്പഞ്ചായത്തിൽ അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7യിൽ ഉൾപ്പെടുത്തിയിട്ടുള്ള ശീർഷകങ്ങളിലെ വരവ്, ചെലവ്, ബാലൻസ് തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

## 1-1-9 അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിൽ അഡ്വാൻസ് രജിസ്റ്റർ, എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ൽ ഉൾപ്പെടുത്തിയിട്ടുള്ള ശീർഷകങ്ങളിലെ വരവ്, ചെലവ്, ബാലൻസ് തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

## 1-1-10 പ്രത്യേക ആവശ്യത്തിനുള്ള ഗ്രാന്റുകൾ - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4 ൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന ശീർഷകങ്ങൾക്ക് പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ ഇല്ല. ടി ശീർഷകങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ ടി ഗ്രാന്റുകളുടെ വരവ്, ചെലവ് , ബാലൻസ് തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

| ക്രമനമ്പർ | ശീർഷകം | 31.03.23 ലെ നീക്കിയിരിപ്പ് |
|---|---|---|
| 1 | 320200312-Grant For Festivals | 545 |
| 2 | 320300103-Grants, Funds&Contributions For Specific Purposes-Other Govt.agencies-Total Sanitation | 60,444 |
| 3 | 320300199-Grants,Funds&Contributions For Specific Purposes-Other Govt.agencies | 11,77,643 |
| 4 | 320700209-Contributions For Joint Venture Projects (For Centrally Sponsored Schemes)-from Block Panchayat | 23,93,087 |

## 1-1-11 ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

## 1-1-12 മറ്റ് സ്ഥാപനങ്ങളിൽ നിന്നും ഗ്രാന്റ് ആയി നല്കിയ തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക "Capital Contribution" എന്ന ശീർഷകത്തിലേക്ക് മാറ്റിയില്ല

വികസനഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital Contributions" എന്ന ശീർഷകത്തിലേക്ക് ചേർക്കുന്നില്ല. ഇത് മൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും ഇൻകം & എക്സ്പൻഡിച്ചർ അക്കൗണ്ട് പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/11//തസ്വഭവ. തീയതി 26/07/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-1-13 ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഓഫീസ് ജീവനക്കാർക്ക് ശമ്പളം നല്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക മുൻകൂർ അനുവദിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയും ജീവനക്കാരും ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്നതിനാലാണ് സർക്കാർ ഉത്തരവ് പ്രകാരം തനത് ഫണ്ടിൽ നിന്നും മുൻകൂർ നല്കുന്നത്. എന്നാൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല (മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ റസീറ്റ് & പേയ്മെന്റ് പത്രികയിലും, റവന്യൂ വരുമാനം, ചെലവ് വിവരങ്ങൾ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലും, നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റിലും).

## 1-1-14 ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തി

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11 പ്രകാരം താഴെ ചേർക്കുന്ന ആസ്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികളായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ പ്രകാരം ഈയിനത്തിൽ ആസ്തികൾ ബ്ലോക്ക് പഞ്ചായത്തിൽ ഇല്ല.

| | |
|---|---|
| 1 | 410300102- Roads -Tarred |
| 2 | 410300103- Roads Metal |
| 3 | 410300301- Culverts |

മേൽ സൂചിപ്പിച്ചവ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികൾ അല്ലാത്തതിനാൽ വാർഷിക കണക്കിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2 ബജറ്റ്/റിവൈസ്ഡ് ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 25.03.2022, തീരുമാനം 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 666354978 | 662180036 |

ബജറ്റ് അപാകതകൾ

(I) 10/03/2023 ലെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ തീരുമാനം നമ്പർ 3 പ്രകാരം 52,85,15,053/- രൂപ വരവും 52,42,31,521/- ചെലവും 42,83,532/- നീക്കിയിരിപ്പുമായി റിവൈസ്ഡ് ബജറ്റ് അംഗീകരിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത

കമ്മറ്റി തീരുമാനം ഭരണസമിതിയിൽ അജണ്ടയായി ഉൾപ്പെടുത്തുകയോ റിവൈസ്ഡ് ബജറ്റ് അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

(ii) കേരള പഞ്ചായത്ത് നിയമം 214(7) ആവശ്യപ്പെടുന്നതു പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകിയിട്ടില്ല.

മേൽപ്രകാരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23603743 |
| വരവ് | 71934586 |
| ആകെ | 95538329 |
| ചെലവ് | 77891650 |
| നീക്കിയിരിപ്പ് | 17646679 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ACR പ്രകാരം വരവ് | ആകെ | ചെലവ് | ചെലവഴിയ്ക്കാത്ത തുക |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 23248000 | 23248000 | 23248000 | 0 |
| വികസനഫണ്ട് എസ്.സി.പി. | 15656000 | 15656000 | 15165357 | 490643 |
| വികസനഫണ്ട് ടി.എസ്.പി. | 86000 | 86000 | 86000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 7841000 | 7841000 | 7502037 | 338963 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് | 9502739 | 9502739 | 7920660 | 1582079 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 100 | 283295064 | 85 | 67272877 | 23.74 | 85 |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 06.07.2023 3PMന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കാഷ് ബാലൻസ് ഇല്ല എന്നുള്ളത് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ബജറ്റ്,

അക്കൗണ്ടിങ്ങ്, പദ്ധതി നിർവ്വഹണം എന്നീ വിവിധ ശീർഷകങ്ങളിലായി ഈ ഓഡിറ്റ് റിപ്പോർട്ടിൽ അതാത് ഓഡിറ്റ് ശീർഷകങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-8 ജീവനക്കാർക്ക് മുൻകൂർ തുക നൽകിയത് ക്രമീകരിച്ചില്ല.

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് മുൻകാല പ്രസിഡന്റുമാരുടെ ഫോട്ടോ ഫ്രെയിം ചെയ്യുന്നതിനും മറ്റുമായുള്ള വിവിധ ചെലവുകൾക്ക് മുൻകൂറായി 10000/- രൂപ (വൗച്ചർ നം. 22200096/07.06.22) ശ്രീ. കെ. എ. ഷൺമുഖൻ, ജനറൽ എക്സ്റ്റൻഷൻ ഓഫീസർക്ക് അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച അഡ്വാൻസ് ലെഡ്ജർ പരിശോധനയിൽ (460100103-Temporary Advance For Official Purpose) ടി തുക 2022-23 വർഷം അഡ്ജസ്റ്റ് ചെയ്തിട്ടില്ല.

മാത്രമല്ല ബ്ലോക്ക് പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെ മൈലേജ് ടെസ്റ്റ് നടത്തുന്നതിനായി ശ്രീ. സുജേഷ് സുമുഖൻ ഹെഡ്ക്ലാർക്കിന് 2500/- രൂപ മുൻകൂർ അനുവദിച്ചിട്ടുള്ളതും (വൗ.നം.22200164/26.08.22) ടി തുക അഡ്ജസ്റ്റ് ചെയ്ത വൗച്ചറുകളും ബാക്കി വന്ന തുകയായ 1063/- തിരിച്ചടച്ച രസീതിയും (നം. 14/25.10.22) അഡ്വാൻസ് നൽകിയ വൗച്ചറിനൊപ്പം സൂക്ഷിച്ചിട്ടുള്ളതുമാണ്. എങ്കിലും മുൻകൂർ നൽകിയ തുക ചെലവായി ക്രമീകരിച്ചിട്ടില്ല.

മേൽ അപാകങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 17/10.07.2023) മറുപടിയായി ശ്രീ. കെ. എ. ഷൺമുഖൻ, ജനറൽ എക്സ്റ്റൻഷൻ ഓഫീസർക്ക് അനുവദിച്ച അഡ്വാൻസ് ടിയാൻ ഹാജരാക്കിയ വൗച്ചറുകളുടെ അടിസ്ഥാനത്തിൽ 27.05.23 ലെ 930/23 ഉത്തരവ് വഴി ക്രമീകരിക്കുകയും ടിയാൻ അധികമായി ചെലവഴിച്ച 10,300/- രൂപ 22300081/27.05.23 വൗച്ചർ പ്രകാരം അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്നും ശ്രീ. സുജേഷ് സുമുഖൻ ഹെഡ്ക്ലാർക്കിന് അനുവദിച്ച അഡ്വാൻസ് ജേണൽ വൗച്ചർ നം.4230006/16.06.23 മുഖേന ക്രമീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 99 പ്രകാരം അടിയന്തിര ചെലവുകൾക്കായി പ്രത്യേക സാഹചര്യത്തിൽ അനുവദിക്കുന്ന മുൻകൂർ തുകകൾ വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം എത്രയും വേഗം ക്രമീകരിക്കേണ്ടതാണ്. സ.ഉ.(അ)നം.419/11/ധന. തീയതി 04.10.2011 പ്രകാരം അഡ്വാൻസ് വാങ്ങിയ തുക 3 മാസത്തിനകം ക്രമീകരിച്ചിട്ടില്ലെങ്കിൽ അനുവദിച്ച അഡ്വാൻസ് തുക മുഴുവൻ ഒറ്റ ഗഡുവായി 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

എന്നാൽ ശ്രീ. കെ. എ. ഷൺമുഖൻ, ജനറൽ എക്സ്റ്റൻഷൻ ഓഫീസർക്ക് അനുവദിച്ച മുൻകൂർ തുക ക്രമീകരിച്ചത് കാലപരിധിയായ 3 മാസത്തിനു ശേഷമായിട്ടും ആവശ്യമായ നിയമാനുസൃത നടപടികൾ സ്വീകരിച്ചില്ല.

ആയത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതും ഭാവിയിൽ അപാകങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

## 1-9 മരുന്ന് വിതരണം ചെയ്തവിവരം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, എരുമപ്പെട്ടി |
| പദ്ധതിയുടെ പേര്/നം | സെക്കന്ററി പാലിയേറ്റീവ് പ്രോഗ്രാം നം.13/22-23 |
| അടങ്കൽ | 1170200 വികസനഫണ്ട് (പൊതുവിഭാഗം, സാധാരണവിഹിതം) |
| ചെലവ് | 1096054 |
| ഓഡിറ്റ് എൻക്വയറിനം/തിയതി | 12/11.7.23 |

ഈ പദ്ധതിയിലുൾപ്പെടുത്തി മരുന്ന് വാങ്ങുന്നതിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ | ചെലവഴിച്ച തുക | മരുന്ന് ലഭ്യമാക്കിയത് | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 22200628/21.01.23 | ₹4,43,004 | ₹151130 | കെ.എം.എസ്.സി. എല്ലിന് മുൻകൂറായി നൽകിയത് |
| 22200816/29.0323 | ₹11,007 | 0 | കെ.എം.എസ്.സി. എല്ലിന് മുൻകൂറായി നൽകിയത് |
| ആകെ | ₹454011 | 0 | |

എന്നാൽ മേൽപ്പറഞ്ഞ മരുന്നുകൾ ലഭ്യമാക്കിയതിന്റെയോ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെയോ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ 4,43,004 രൂപയുടെ ബില്ലിൽ 151130 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂവെന്നും 11,007 രൂപയുടെ ബില്ലിൽ മരുന്ന് ലഭ്യമായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ടി തുകയ്ക്കുള്ള മരുന്ന ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ ഇൻവോയ്സ് സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-10 ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിലെ കെട്ടിടങ്ങളിൽ നടത്തിയ പ്രവർത്തികൾ

2022-23 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ /സെക്രട്ടറി എന്നിവർ നടപ്പിലാക്കിയ പദ്ധതികളിൽ ബ്ലോക്ക്പഞ്ചായത്തിന്റെ പഴയകെട്ടിടത്തിൽ മെയിന്റനൻസ് ഗ്രാന്റ്/ധനകാര്യ കമ്മീഷൻ ഗ്രാന്റുപയോഗിച്ച് താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ/പ്രവൃത്തിയുടെ പേര് | അടങ്കൽ | ചെലവു തുക | വൗച്ചർ നമ്പർ |
|---|---|---|---|---|
| 1 | പ്രോജക്റ്റ് നമ്പർS0111/23<br>പഴയ കെട്ടിടം ഹാൾ നവീകരണവും അനുബന്ധ പ്രവത്തികളും | 4,43,166/- | 4,42,891/- | 1).22200693/08 /03/2022.<br>2).22200814/29 /03/2022. |
| 2 | പ്രോജക്റ്റ് നമ്പർ S0086/23<br>ബ്ലോക്കോഫീസ് കോമ്പൗണ്ടിലെ കെട്ടിടങ്ങളുടെ മെയിന്റനൻസ് അനുബന്ധ പ്രവൃത്തികൾ | 8,36,593/- | 7,86,511/- | 1)22200747/25 /03/2022. |
| 3 | പ്രോജക്റ്റ് നമ്പർ S0110/23<br>ബ്ലോക്കോഫീസ് കോമ്പൗണ്ടിൽ | 1,41,320/- | തൻവർഷം പൂർത്തീകരിച്ചിട്ടില്ല. | |

| | | | | |
|---|---|---|---|---|
| | ടോയ്‌ലറ്റ് നിർമ്മാണം | | | |
| 4 | പ്രോജക്റ്റ് നമ്പർ- S0057/23<br>ബ്ലോക്കോഫീസ് കെട്ടിടത്തിലെ ക്ഷീരവികസന ഓഫീസ് വയറിംഗ് | 3,18,200/- | 3,10,799/- | 22200750/23.03.2023 |
| 5 | പ്രോജക്റ്റ് നമ്പർ S0058/23<br>ബ്ലോക്കോഫീസ് കെട്ടിടത്തിലെ സിഡിപിഒ ഓഫീസ് ഇലക്ട്രിഫിക്കേഷൻ | 3,00,000/- | 2,10,000/- | 22200786/24.03.2023. |

14- ാം പഞ്ചവത്സര പദ്ധതി സ.ഉ.(കൈ)നം84/2022/തസ്വഭവ തീയതി-19/04/2022 ലെ ഖണ്ഡിക 3.5.ൽ പ്രോജക്ടുകൾ തയ്യാറാക്കലിന്റെ നിബന്ധന (8) പ്രകാരം കെട്ടിട നിർമ്മാണം പ്രോജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം അനുബന്ധസൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിഗ്, പ്രോജക്ടിന്റെ ഭാഗമായുള്ള യന്ത്രസാമഗ്രികളുടെ സ്ഥാപനം എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റപ്രോജക്ടായി വേണം തയ്യാറാക്കേണ്ടത് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

പ്രോജക്ടുകളുടെ ഗുണമേന്മ ഉറപ്പ് വരുത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്.മേൽ നിബന്ധനകൾ ഒന്നും പാലിച്ചതായി കാണുന്നില്ല. ഒരേ കെട്ടിടത്തിൽ തന്നെ ചെയ്യുന്ന പ്രവൃത്തികളായതിനാൽ ഒരു പ്രോജക്ടിൽ ഉൾപ്പെടുത്തി ചെയ്യാതെ വിവിധ പ്രോജക്ടുകളായി ചെയ്തതിന്റെ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ ടെണ്ടർ സേവിംഗ്സ് വന്ന തുക ഉപയോഗിച്ച് പുതിയ പദ്ധതികൾ ആണ് ക്രമ നമ്പർ 1,3 ഉം ചെയ്തിട്ടുള്ളത്. എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത മറുപടി തൃപ്തി കരമല്ല. ഒരുവർഷം നടപ്പിലാക്കേണ്ട പദ്ധതികൾ വർഷാദ്യം പ്ലാൻ ചെയ്യേണ്ടതും ആയതനുസരിച്ച് ഫണ്ട് വകയിരുത്തേണ്ടതുമാണ്. ഭാവിയിൽ മാർഗ്ഗരേഖ പ്രകാരം പദ്ധതി തയ്യാറാക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-11 ഫിസിയോതെറാപ്പിസ്റ്റ് വേതനം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നല്കി-44000രൂപ തിരിച്ചടക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, സി.എച്ച്.സി എരുമപ്പെട്ടി |
| പദ്ധതിയുടെപേര്/ നം | സെക്കന്ററി പാലിയേറ്റീവ് പ്രോഗ്രാം നം.13/22-23 |
| അടങ്കൽ | 1170200 വികസനഫണ്ട് (പൊതുവിഭാഗം, സാധാരണവിഹിതം) |
| ചെലവ് | 1096054 |
| ഓഡിറ്റ് അന്വേഷണം നം | 13/11.07.23 |

| | |
|---|---|
| /തിയതി | |

മേൽ പദ്ധതി പ്രകാരം 2022-23 വർഷത്തിൽ ഒരു ഫിസിയോ തെറാപിസ്റ്റിനെ നിയമിക്കുകയും വേതനം നൽകുകയും ചെയ്തിട്ടുണ്ട്.

പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ സ.ഉ.(സാധാ)നമ്പർ 553/2019/തസ്വഭവ തിയതി7.3.19 ഖണ്ഡിക 2.14(3,4) പ്രകാരം ഫിസിയോ തെറാപിസ്റ്റിന്റെ സേവനം ഒരു മാസത്തിൽ കുറഞ്ഞത് ഒരു ദിവസം ഗൃഹസന്ദർശനം നടത്തണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഒരു മാസത്തിൽ പരമാവധി 20 ദിവസത്തെ സേവനം ഉപയോഗപ്പെടുത്തി ദിവസ വേതനം നൽകാവുന്നതാണെന്നും സേവനം നൽകിയ ഒരു ദിവസത്തിന് ₹800 പ്രകാരം ദിവസ വേതനം നൽകാവുന്നതാണെന്നും പരാമർശിക്കുന്നുണ്ട്. ഇപ്രകാരം ഈയിനത്തിൽ ഒരു മാസം പരമാവധി ചെലവഴിക്കാവുന്ന തുക ₹16000 (800*20) യാണ്. എന്നാൽ 2022-23 വർഷം (മാസം ₹20000 നിരക്കിൽ) ₹221,200 ചെലവഴിച്ചിട്ടുണ്ട്. പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി₹44000 അധികം തുക ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| വേതനം നൽകിയ മാസം | നൽകിയ വേതനം | വൌച്ചർ നമ്പർ & തീയതി |
|---|---|---|
| ഏപ്രിൽ 2022 | ₹20000 | 22200518/15.05.22 |
| മെയ്- 2022 | ₹20000 | 22200518/15.05.22 |
| ജൂൺ- 2022 | ₹20000 | 22200520/08.07.22 |
| ജൂലായ് 20 22 | ₹20000 | 22200521/10.08.21 |
| ആഗസ്ത് 2022 | ₹20000 | 22200534/31.08.22 |
| സെപ്റ്റംബർ 2022 (ഫെസ്റിവൽ അലവൻസ് ഉൾപ്പെടെ) | ₹21200 | 22200547/12.10.22 |
| ഒക്ടോബർ 2022 | ₹20000 | 22200563/11.11.22 |
| നവംബർ 20 22 | ₹20000 | 22200573/02.12.22 |
| ഡിസംബർ 2022 | ₹20000 | 22200602/04.01.22 |
| ജനുവരി 2023 | ₹20000 | 22200649/01.02.23 |
| ഫെബ്രുവരി 2023 | ₹20000 | 22200744/16.03.23 |
| ആകെ | ₹221200 | |

ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയ്ക്കൊപ്പം തന്ന ഉത്തരവ് പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയ്ക്ക് ബാധകമല്ല. ഫാർമസിസ്റ്റിന് വേതനം കൂട്ടി നൽകിയ നടപടിയ്ക്ക് സർക്കാർ അനുമതിയുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്. ഇല്ലെങ്കിൽ ₹44000 നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

1-12 ഗുണഭോക്തൃലിസ്റ്റുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| പദ്ധതിയുടെ പേര്/നം | ക്ഷീരസംഘങ്ങൾ മുഖേന പാലിന് സബ്സിഡി നം.39/22-23 |
| അടങ്കല്ർ | 800000 വികസനഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം) |
| ചെലവ് | 800000 |
| ഓഡിറ്റ് അന്വേഷണം നം./തിയതി | 15/10.07.23 |

ഈ പദ്ധതി പ്രകാരം വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ അഞ്ച് പഞ്ചായത്തുകളിൽ നിന്നുള്ള ക്ഷീരകർഷകരെ തെരഞ്ഞെടുത്ത ഗുണഭോക്തൃലിസ്റ്റ് അതാത് പഞ്ചായത്ത് സമിതി തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ടെങ്കിലും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടില്ല.ഭാവിയിൽ ഗുണഭോക്തൃലിസ്റ്റുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ കൂടി അംഗീകാരം നേടേണ്ടതാണ്.

1-13 ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനം ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടിക ജാതി വികസന ഓഫീസർ |
| പദ്ധതിയുടെപേര് നം | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നം.39/22-23 |
| അടങ്കല്ർ | 1000000 വികസനഫണ്ട് (എസ്.സി.പി) |
| ചെലവ് | 850000 |
| ഓഡിറ്റ് അന്വേഷണം നം തിയതി | 16/10.07.23 |

ഈ പദ്ധതി പ്രകാരം വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ അഞ്ച് ഗ്രാമ പഞ്ചായത്തുകളിൽ നിന്നുള്ള പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ അതാത് പഞ്ചായത്ത് സമിതി തീരുമാനപ്രകാരം

തെരഞ്ഞെടുത്ത ഗുണഭോക്തൃലിസ്റ്റ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട് . പക്ഷേ തെക്കുംകര ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 15.12.22 ലെ 1/6 നം തീരുമാനപ്രകാരം തെരഞ്ഞെടുത്ത് തുക അനുവദിച്ച വിദ്യാർത്ഥിയെ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിതീരുമാനത്തിലുൾപ്പെടുത്തികാണുന്നില്ല.ഇപ്രകാരമുള്ള പദ്ധതികളിലുൾപ്പെട്ടവരുടെ ഗുണഭോക്തൃലിസ്റ്റ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി കൂടി അംഗീകരിക്കേണ്ടതാണ്.

## 1-14 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | വൗച്ചർ | | | നിർവ്വഹണ ഏജൻസി |
|---|---|---|---|---|---|---|
| | | | നമ്പർ | തിയതി | തുക (₹) | |
| 1 | 91/23 | സമേതം - സമഗ്ര വിദ്യാഭ്യാസ പരിപാടി - ജില്ലാ പഞ്ചായത്ത് വിഹിതം നല്കൽ | 22200755 | 16.03.23 | 1,80,755 | ജില്ലാ പഞ്ചായത്ത് |
| 2 | 46/23 | വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനത്തിന് ഫണ്ട് നല്കൽ | 22200586 | 23.12.22 | 6,00,000 | ഡയാലിസിസ് കമ്മറ്റി, ജില്ലാ ആശുപത്രി വടക്കാഞ്ചേരി |
| 3 | 43/23 | ഐ.കെ.എം. വിഹിതം നല്കൽ | 22200530 | 25.08.23 | 43,260 | ഐ.കെ.എം. |

91/23 സമേതം - സമഗ്ര വിദ്യാഭ്യാസ പരിപാടി - ജില്ലാ പഞ്ചായത്ത് വിഹിതം നല്കൽ എന്ന പ്രോജക്ടിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ, ആയത് ഈ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ജനങ്ങൾക്ക് എപ്രകാരം പ്രയോജനപ്പെടുന്നു എന്നീ കാര്യങ്ങൾ വിശദമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.
46/23 വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനത്തിന് ഫണ്ട് നല്കൽ എന്ന പ്രോജക്ടിൽ ജില്ലാ പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്ന സ്ഥാപനത്തിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുക നേരിട്ട് കൈമാറിയത് സാധൂകരിക്കുന്നതിനുള്ള സർക്കാർ ഉത്തരവുകളോ/നിർദ്ദേശങ്ങളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും 2022-23 മുതൽ 2026-27 വരെയുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച 28.05.2022 തിയതിയിലെ മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 115/2022/തസ്വഭവഎന്നതിലെ നിർദ്ദേശങ്ങളിൽ ഉൾപ്പെടാത്ത പ്രോജക്ട് ഏറ്റെടുത്തു നടപ്പിലാക്കിയതിന്റെ കാരണം അറിയിക്കേണ്ടതാണ്.
ഇതു സംബന്ധിച്ച് നല്കിയി ഓഡിറ്റ് എൻക്വയറി നമ്പർ:3/10.07.2023ന് മറുപടി നല്കിയിട്ടില്ലാത്തതാണ്. രേഖകളുടേയും, വിശദീകരണത്തിന്റെയും അഭാവത്തിൽ ക്രമ നമ്പർ:(1),(2) ഇനങ്ങളിൽ ചെലവഴിച്ച ₹7,80,755/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. 43/23 ഐ.കെ.എം. വിഹിതം നല്കൽ എന്ന പ്രോജക്ടിന്റെ വനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം നിർവ്വഹണ ഏജൻസിയിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.3/10.07.2023)

## 1-15 ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ വാർഷികകണക്കുകൾ ലഭ്യമാക്കേണ്ടതാണ്

എരുമപ്പെട്ടി സി.എച്ച്.സിയുടെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ വാർഷികകണക്കുകൾ ഏത് കാലയളവുവരെയാണ് ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളതെന്നുള്ള വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/10.07.23) മറുപടി ലഭ്യമാക്കിയില്ല. വാർഷിക കണക്കുകൾ ഓഡിറ്റിനായി തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയത്തിലേക്ക് അയച്ചു നൽകേണ്ടതാണ്.

## 1-16 സെക്കന്ററി പാലിയേറ്റീവ് പ്രോഗ്രാം-പൊതു അപാകങ്ങൾ

എരുമപ്പെട്ടി സി.എച്ച്.സി സൂപ്രണ്ട് നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കി വരുന്ന സെക്കന്ററി പാലിയേറ്റീവ് പദ്ധതിയുടെ ഭാഗമായി ഗൃഹസന്ദർശനം നടത്തി സന്നദ്ധപ്രവർത്തകർ രോഗീപരിചരണം നടത്തി വരുന്നു. ഇവർ ഗൃഹസന്ദർശന വിവരങ്ങൾ രേഖപ്പെടുത്തുന്ന ഹോംകെയർ റിപ്പോർട്ട് ബുക്ക് സൂക്ഷിക്കുന്നുണ്ട്. എന്നാൽ ആഴ്ചയിൽ ഒരിക്കൽ സൂപ്രണ്ടിനെ രേഖപ്പെടുത്തലുകൾ കാട്ടി ബോധ്യപ്പെടുത്തി സക്ഷ്യപ്പെടുത്തണമെന്ന പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ (പുതുക്കിയത്) സ.ഉ.(സാധാ)നമ്പർ 553/2019/തസ്വഭവ തിയതി7.3.19 ഖണ്ഡിക നം.2.6.4ലെ വ്യവസ്ഥ പാലിക്കുന്നില്ല.

ഇതേ മാർഗ്ഗരേഖയിലെ ഖണ്ഡിക നം.2.9.2ലെ വ്യവസ്ഥയനുസരിച്ച് പാലിയേറ്റീവ് മാനേജിംഗ് കമ്മിറ്റി രണ്ടു മാസത്തിലൊരിക്കലോ ആവിശ്യാനുസരണമോ യോഗം ചേരേണ്ടതുണ്ട്. പി.എം.സി രജിസ്റ്റർ പരിശോധിച്ചപ്പോൾ 2022-23 വർഷം ആകെ രണ്ടുവട്ടം (25.10.22, 28.03.22) മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. രോഗികളുടെ പേര് വിവരമടങ്ങിയ നോമിനൽ രജിസ്റ്റർ, റിവ്യൂ മീറ്റിംഗ് രജിസ്റ്റർ എന്നിവയും സൂപ്രണ്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി മാർഗ്ഗരേഖയ്ക്കനുസരിച്ച് കമ്മിറ്റി കൂടാമെന്നും രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാമെന്നും അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് രേഖ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.19/11.07.23)

## 1-17 അങ്കണവാടിക്ക് സ്ഥലം വാങ്ങൽ പ്രോജക്റ്റുകളിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ അടവാക്കി

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 45/23 കല്ലംപാറ അങ്കണവാടിക്ക് സ്ഥലം വാങ്ങൽ - തെക്കുംകര ഗ്രാമപഞ്ചായത്ത് വാർഡ്-15, 52/23 മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് 84 നമ്പർ വളവ് അങ്കണവാടിക്ക് സ്ഥലം വാങ്ങൽ എന്നീ പ്രോജക്റ്റുകളിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുള്ളതാണ്.

| ക്രമ നം | പ്രോജക്റ്റ് നമ്പരും പേരും | ആകെ പ്രോജക്റ്റ് ചെലവ് (₹) | സ്റ്റാമ്പ് ഡ്യൂട്ടി/രജിസ്ട്രേഷൻ ഫീസ് | | വൗച്ചർ നമ്പർ | ഫണ്ടു വിവരം |
|---|---|---|---|---|---|---|
| | | | | തുക | | |
| 1 | 45/23 കല്ലംപാറ അങ്കണവാടിക്ക് സ്ഥലം വാങ്ങൽ | 2,94,550 | സ്റ്റാമ്പ് ഡ്യൂട്ടി | 21,000 | 22200614/ 10.01.23 | വികസനഫണ്ട് പൊതു വിഭാഗം സാധാരണ |
| | | | രജിസ്ട്രേഷൻ | 5,335 | | |

| | | | | | | |
|---|---|---|---|---|---|---|
| | - തെക്കുംകര ഗ്രാമപഞ്ചായത്ത് വാർഡ്-15 | | ഫീസ് | | | വിഹിതം |
| 2 | 52/23 മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് 84 നമ്പർ വളവ് അങ്കണവാടിക്ക് സ്ഥലം വാങ്ങല് | 11,04,810 | സ്റ്റാമ്പ് ഡ്യൂട്ടി | 79,800 | 22200706/21.03.23 | തനത് ഫണ്ട് |
| | | | രജിസ്ട്രേഷൻ ഫീസ് | 20,000 | | |
| ആകെ | | | | 1,26,135 | | |

ടാക്സസ് (ജെ) വകുപ്പിന്റെ 30.01.2020 ലെ സർക്കാർ ഉത്തരവ് (അച്ചടി) 9/2020/ടി.ഡി., സർക്കാർ ഉത്തരവ് (അച്ചടി) 10/2020/ടി.ഡി. എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭൂമി വാങ്ങുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നവയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രസ്തുത സർക്കാർ ഉത്തരവുകൾ പരിഗണിക്കാതെ അങ്കണവാടികൾക്കായി സ്ഥലം വാങ്ങിയപ്പോൾ മേൽ വ്യക്തമാക്കിയ പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നീ വകകളിലായി ആകെ ₹1,26,135/- ചെലവഴിച്ചത് ഓഡിറ്റ് അംഗീകരിക്കുന്നില്ല, ക്രമ വിരുദ്ധമായി അടവാക്കിയ തുക ബന്ധപ്പെട്ട വകുപ്പിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, തിരികെ ഈടാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. തുക തിരികെ ഈടാക്കുന്നതുവരെ ഈ ഇനത്തിൽ ചെലവഴിച്ച ₹1,26,135/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്. (ഓഡിറ്റ് എൻക്വയറി നം.5/10.07.2023)

## 1-18 അങ്കണവാടിക്ക് സ്ഥലം വാങ്ങൽ പ്രോജക്ടുകൾ - ചട്ട പ്രകാരമുള്ള വിലനിർണ്ണയ സാക്ഷ്യ പത്രം ഇല്ലാതെ സ്ഥലം വാങ്ങി

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 45/23 കല്ലംപാറ അങ്കണവാടിക്ക് സ്ഥലം വാങ്ങൽ - തെക്കുംകര ഗ്രാമപഞ്ചായത്ത് വാർഡ്-15, 52/23 മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് 84 നമ്പർ വളവ് അങ്കണവാടിക്ക് സ്ഥലം വാങ്ങൽ, 53/23 തൃക്കണപതിയാരം അങ്കണവാടിക്ക് സ്ഥലം വാങ്ങൽ, എന്നീ പ്രോജക്ടുകളിൽ താഴെ പറയും പ്രകാരം സ്ഥലം വാങ്ങിയിട്ടുള്ളതാണ്.

| ക്രമ നം | പ്രോജക്ട് നമ്പരും പേരും | ആകെ പ്രോജക്ട് ചെലവ് (₹) | വൗച്ചർ നമ്പർ | തുക | ഫണ്ടു വിവരം |
|---|---|---|---|---|---|
| 1 | 5/23 കല്ലംപാറ അങ്കണവാടിക്ക് സ്ഥലം വാങ്ങൽ - തെക്കുംകര ഗ്രാമപഞ്ചായത്ത് വാർഡ്-15 | 2,94,550 | 22200614/ 10.01.23 | 30,335 | വികസനഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം |
| | | | 22200623/ 19.01.23 | 415 | |
| | | | 22200613/ 10.01.23 | 1300 | |
| | | | 22200569/ 30.11.22 | 2,62,500 | |
| 2 | 52/23 മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് 84 നമ്പർ വളവ് അങ്കണവാടിക്ക് സ്ഥലം വാങ്ങല് | 11,04,810 | 22200706/ 21.03.23 | 1,07,310 | തനത് ഫണ്ട് |
| | | | 22200390/ 29.12.23 | 9,97,500 | |

| | | | | | |
|---|---|---|---|---|---|
| 3 | 53/23 തൃക്കണപതിയാരം അങ്കണവാടിക്ക് സ്ഥലം വാങ്ങല് | 5,00,000 | 22200484/ 22.02.23 | 5,00,000 | തനത് ഫണ്ട് |

കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ-2005 ചട്ടം-5 ഉഭയസമ്മത പ്രകാരം വസ്തു ആർജ്ജിക്കൽ പ്രകാരം വസ്തുവിന്റെ വില ജില്ലാ കളക്ടർ/തഹസിൽദാർ നിശ്ചയിക്കുന്ന വിലയിൽ കൂടരുത് എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഹാജരാക്കിയ ഫയലിൽ വില്ലേജ് ഓഫീസർ നല്കിയ വിലനിർണ്ണയ രേഖകളാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ആയത് ചട്ടത്തിലെ മേൽ പറഞ്ഞ നിർദ്ദേശത്തിന് പര്യാപ്തമല്ല. ഈ സാഹചര്യത്തിൽ മേൽ പറഞ്ഞ മൂന്ന് പ്രോജക്ടുകളിലും ജില്ലാ കളക്ടർ/തഹസിൽദാർ വസ്തുവില നിർണ്ണയം നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

മേൽ പറഞ്ഞ മൂന്ന് വസ്തു വാങ്ങൽ പ്രോജക്ടുകളിലും ആർജ്ജിച്ച വസ്തുകളുടെ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്. മേൽ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.6/10.07.23)

## 1-19 ശീതീകരിച്ച പച്ചക്കറി വിപണനകേന്ദ്രത്തിന കിണർ നിർമ്മാണവും വാട്ടർടാങ്ക്, മോട്ടോർ എന്നിവ സ്ഥാപിക്കൽ

| | |
|---|---|
| പ്രോജക്റ്റ് നം- | S0123/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പദ്ധതി അടങ്കൽ | 71,738/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് തുക | 71,738/- വൗച്ചർ നം-(2200667/23.02.2023.) |
| പ്രോജക്റ്റ് നം- | S0124/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി അടങ്കൽ | 5,65,040/- |
| ചെലവു തുക | 5,65,040/-(വൗച്ചർ നം-2200749/24.03.2023) |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ശീതീകരിച്ച പച്ചക്കറി വിപണന കേന്ദ്രത്തിന കിണർ നിർമ്മാണം എന്ന പദ്ധതിയ്ക്കായി 71,738/-രൂപയും, സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ശീതീകരിച്ച പച്ചക്കറി വിപണന കേന്ദ്രത്തിന വാട്ടർ ടാങ്ക്, മോട്ടോർ എന്നിവ സ്ഥാപിക്കലിന 5,65,040/- രൂപയും ഭൂജലവകുപ്പിന ഡെപ്പോസിറ്റ് ചെയ്തു. പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും ജലം ലഭ്യമല്ലാത്തതിനാൽ വീണ്ടും കുഴൽകിണർ കുത്തുന്നതിനുള്ള തുകയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി നല്കിയതായി ഫയലിൽ കാണന്നു.വാട്ടർ ടാങ്ക്, മോട്ടോർ എന്നിവ സ്ഥാപിച്ചിട്ടില്ല. കിണർ നിർമ്മാണത്തിന വീണ്ടുംഎസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഭൂജലവകുപ്പിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന ലഭിയ്ക്കാനുള്ള 22,598/- രൂപ കിഴിച്ച് 7,17,402/- രൂപയ്ക്കുള്ള എസ്റ്റിമേറ്റ് ആണ് നല്കിയിട്ടുള്ളത്.

ഫയൽ പരിശോധിച്ചതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പദ്ധതി രൂപീകരണ മാർഗ്ഗരേഖ സ.ഉ.(കൈ)നം84/2022/തസ്വഭവ. തീയതി 19.04.2022 ന്റെ ഖണ്ഡിക 12.2(ഡി)(ii)പ്രകാരം ഭൂജലവകുപ്പ് തുക മുൻകൂർ നല്കുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നല്കിയ ശേഷം തദ്ദേശഭരണസ്ഥാപനത്തിന നല്കേണ്ടതും തദ്ദേശഭരണസ്ഥാപനവും ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനശേഷം മാത്രമേ തുക നല്കാവൂ എന്ന പറയുന്നു.ഈ നിബന്ധന പാലിച്ചതായി കാണുന്നില്ല.

2)ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തികരിയ്ക്കാൻ വേണ്ട തുടർപ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സ്വീകരിയ്ക്കേണ്ടതാണ്. ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണപുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് ആവശ്യമായനിർദ്ദേശം നല്കേണ്ടതുമാണെന്നും മാർഗ്ഗരേഖയിലെ ഖണ്ഡിക 12.2.ഡി(iv) നിർദ്ദേശിച്ചിട്ടുണ്ട്. ആയതുപ്രകാരം നടപടി സ്വീകരിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി(നം-20/23തീയതി-11/07/2023) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 1-20 ശീതികരിച്ച പച്ചക്കറി വിപണനകേന്ദ്രം - വേണ്ടത്ര സാധ്യതാ പഠനം നടത്തിയതിന്റെ രേഖകൾ ഇല്ല

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് ശീതികരിച്ച പച്ചക്കറി വിപണ കേന്ദത്തിന് സ്ഥലം വാങ്ങുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി താഴെ പറയുന്ന പ്രോജക്ടുകളിൽ തുക ചെലവഴിച്ചിട്ടുള്ളതാണ്

| ക്രമ നം | പ്രോജക്ട് നം | പ്രോജക്റ്റിന്റെ പേരു വിവരം | വൗച്ചർ നം./ തിയതി | തുക | ആകെ തുക | ഫണ്ടു വിവരം |
|---|---|---|---|---|---|---|
| 1 | 41/23 | ശീതികരിച്ച പച്ചക്കറി വിപണകേന്ദ്രത്തിനോട് ചേർന്ന് വനിതാ വിപണകേന്ദ്രത്തിന് സ്ഥലം വാങ്ങൽ | 22200595/28.12.22 | 29,62,350 | 32,91,852 | വികസന ഫണ്ട് - പൊതു വിഭാഗം സാധാരണ വിഹിതം |
| | | | 22200763/21.03.23 | 3,22,002 | | |
| | | | 22200600/31.12.22 | 7,500 | | |
| 2 | 10/23 | വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് ശീതികരിച്ച പച്ചക്കറി വിപണകേന്ദ്രത്തിന് സ്ഥലം വാങ്ങൽ | 22200764/21.03.23 | 3,47,600 | 40,41,000 | വികസന ഫണ്ട് - പൊതു വിഭാഗം സാധാരണ വിഹിതം |
| | | | 22200485/25.02.23 | 36,85,900 | | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| | | | 22200487/27.02.23 | 7,500 | | |
| 3 | 42/23 | പച്ചക്കറി വിപണകേന്ദ്രത്തിന് സമീപം എസ് സി, എസ്.ടി ഗ്രൂപ്പുകൾക്ക് വിപണകേന്ദ്രം വാങ്ങൽ | 22200594/28.12.22 | 48,86,500 | 48,94,000 | വികസന ഫണ്ട് - എസ്.സി.പി |
| | | | 22200601/31.12.22 | 7,500 | | |
| 4 | 124/23 | ശീതികരിച്ച പച്ചക്കറി വിപണന കേന്ദ്രത്തിന് വാട്ടർ ടാങ്ക് മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ അനുബന്ധ പ്രവൃത്തികൾ | 22200749/24.03.23 | 5,65,040 | 5,65,040 | വികസന ഫണ്ട് - പൊതു വിഭാഗം സാധാരണ വിഹിതം |
| ആകെ | | | | | 1,27,91,892 | |

ഇതു കൂടാതെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പ്രോജക്ടും

നിർവ്വഹിച്ചിട്ടുള്ളതാണ്.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേരു വിവരം | വൗച്ചർ നം./ തിയതി | തുക | ആകെ തുക | ഫണ്ട വിവരം |
|---|---|---|---|---|---|---|
| 1 | 123/23 | ശീതികരിച്ച പച്ചക്കറി വിപണനകേന്ദ്രത്തിനു കിണർ നിർമ്മാണം | 22200667/23.02.23 | 71,738 | 71,738 | വികസന ഫണ്ട് - പൊതു വിഭാഗം സാധാരണ വിഹിതം |

പ്രോജക്ടു പ്രകാരം മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് ആറ്റൂർ വില്ലേജിൽ വാങ്ങിയ ഭൂമിയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേരു വിവരം | പ്രമാണത്തിന്റെ നമ്പർ | റീസർവ്വേ നമ്പരും വിസ്തീർണ്ണവും | | പ്രമാണ പ്രകാരമുള്ള വസ്തു വില (₹) |
|---|---|---|---|---|---|
| 1 | 42/23 പച്ചക്കറി വിപണകേന്ദ്രത്തിന് സമീപം എസ് സി, എസ്.ടി ഗ്രൂപ്പുകൾക്ക് വിപണകേന്ദ്രം വാങ്ങൽ | 2291/I/2022 തി:26.12.22 SRO വടക്കാഞ്ചേരി | 188/10 | 5ആർ 21ച.മീ. | 48,87,080 |
| | | | 188/6 | 6ആർ 04ച.മീ. | |
| | | | 188/1 | 2ആർ 39ച.മീ. | |
| 2 | 42/23 പച്ചക്കറി വിപണകേന്ദ്രത്തിന് സമീപം എസ് സി, എസ്.ടി ഗ്രൂപ്പുകൾക്ക് വിപണകേന്ദ്രം വാങ്ങൽ | 463/I/2023 തി:15.03.2023 SRO വടക്കാഞ്ചേരി | 188/1 | 3ആർ 51ച.മീ. | 12,57,440 |
| 3 | 10/23വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് ശീതികരിച്ച പച്ചക്കറി വിപണകേന്ദ്രത്തിന് സ്ഥലം വാങ്ങൽ | 2292/I/2022 തി:26.12.22 SRO വടക്കാഞ്ചേരി | 188/1 | 10ആർ 29ച.മീ. | 36,86,770 |
| 4 | 41/23ശീതികരിച്ച പച്ചക്കറി വിപണകേന്ദ്രത്തിനോട് ചേർന്ന് വനിതാ വിപണകേന്ദ്രത്തിന് സ്ഥലം വാങ്ങൽ | 2293/I/2022 തി:26.12.22 SRO വടക്കാഞ്ചേരി | 188/1 | 8ആർ 27ച.മീ. | 29,63,075 |
| ആകെ | | | | 35.71 | 1,27,94,365 |

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാക്കപ്പെട്ടിട്ടില്ല.

1. പ്രോജക്ട്ഫയൽ പരിശോധിച്ചതിൽ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് ശീതികരിച്ച പച്ചക്കറി വിപണകേന്ദ്രം എന്ന പ്രോജക്ടിന്റെ വസ്തു വാങ്ങൽ എന്ന പ്രക്രിയ മാത്രമാണ് ഓഡിറ്റ് വർഷം പൂർത്തീകരിച്ചിട്ടുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 19.04.2022ലെസർക്കാർ ഉത്തരവ് (കൈ) നം.84/2022/തസ്വഭവ ഖണ്ഡിക:3.5.2(1) പ്രകാരം പ്രോജക്ടിന്റെ ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം ഒരു സാമ്പത്തിക

വർഷത്തിനകം പൂർത്തീകരിക്കാൻ കഴിയാത്ത ബഹുവർഷ പ്രോജക്ടുകൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തേണ്ടതാണെന്ന വ്യക്തമാക്കിയിട്ടുള്ളതാണ്. ഖണ്ഡിക:3.5.2(2) നിർദ്ദേശിച്ച പ്രകാരം പ്രോജക്ടിൽ ഓരോ വർഷവും പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളും അതിനുവേണ്ടി വരുന്ന അടങ്കൽ തുകയും പ്രോജക്ടിന്റെ അടങ്കൽ തുകയും കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ലത്താതാണ്. ഖണ്ഡിക:3.5.2(3) നിർദ്ദേശിച്ച പ്രകാരം പ്രോജക്ട് 14-ാം പദ്ധതി കാലയളവിൽ പൂർത്തീകരിക്കുന്നതാണെന്ന കാര്യത്തിൽ വ്യക്തതയില്ലാത്തതാണ്. ഖണ്ഡിക:3.5.2(4) നിർദ്ദേശിച്ച പ്രകാരം പ്രോജക്ടിന്റെ എല്ലാ ഘടങ്ങളും ഒരുമിച്ച് തയ്യാറാക്കി, പരിശോധന നടത്തി സാങ്കേതികാനുമതി വാങ്ങിയിട്ടില്ലാത്തതുമാണ്. മേൽ പട്ടികപ്പെടുത്തിയ പ്രകാരം വിവിധ പ്രോജക്ടുകളിലായി 88 സെന്റ് ഭൂമി വാങ്ങുന്ന പ്രക്രിയയ്ക്കായി വികസനഫണ്ട് (പൊതുവിഭാഗം), വികസനഫണ്ട് (പൊതുവിഭാഗം-വനിതാ ഘടക പദ്ധതി), വികസനഫണ്ട്-എസ്.സി.പി, ധനകാര്യകമ്മീഷൻ ഗ്രാന്റ് (ബേയ്സിക് ഗ്രാന്റ്) എന്നിവ പ്രയോജനപ്പെടുത്തി നാല് പ്രോജക്ടുകളിലായി വിഭജിച്ചാണ് നിർവ്വഹിച്ചിരിക്കുന്നത്.

2. 19.04.2022 ലെ സർക്കാർ ഉത്തരവ് (കൈ) നം.84/2022/തസ്വഭവ ഖണ്ഡിക:3.8.3.(7) പ്രകാരം ഒരു കോടിയ്ക്ക് മുകളിലുള്ള പ്രോജക്ടുകളിൽ സാദ്ധ്യതാ പഠനം നടത്തിയതിനു ശേഷം മാത്രമേ ഏറ്റെടുക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ഓഡിറ്റ് വർഷത്തിൽ തന്നെ മേൽ പട്ടികപ്പെടുത്തിയ പ്രകാരം ₹1,28,63,630/- ചെലവഴിക്കപ്പെട്ട പ്രോജക്ടിന്റെ സമഗ്രമായ സാദ്ധ്യതാ പഠനം നടത്തിയതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്. 11.05.2023ന് നേരിട്ട് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറോടൊപ്പം നിർദ്ദിഷ്ട പ്രോജക്ട് സൈറ്റ് സന്ദർശിച്ചപ്പോൾ, പ്രോജ്ക്ടിന്റെ മരാമത്ത് പ്രവൃത്തികൾക്കായി തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിന്റെ കൺസൾട്ടൻസി സഹായത്തോടെ റിപ്പോർട്ടും പ്ലാനും തയ്യാറാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുള്ളതാണ്. എന്നാൽ പച്ചക്കറി സംഭരണം, സംസ്കരണം, വിപണനം എന്നീ കാര്യങ്ങളിൽ വിശദമായ പഠനം നടത്തിയതു സംബന്ധിച്ച യാതൊരു രേഖകളും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

3. ഓഡിറ്റ് വർഷത്തിൽ ഭൂമി വാങ്ങുന്നതിനായി മേൽ പ്രോജക്ടുകളിലായി ₹1,22,26,852/- വിനിയോഗിച്ചിട്ടുള്ളതാണ്. എന്നാൽ പ്രമാണ പ്രകാരം ആകെ ഭൂമിയുടെ മൂല്യം ₹1,27,94,365/- എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. തുടർ വർഷങ്ങളിൽ ഭൂമി വില നല്കുന്നതിനായി പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടോ എന്ന ഓഡിറ്റ് അന്വേഷണത്തിന് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്.

കോടികൾ മുതൽ മുടക്കുന്ന ഇത്തരം വമ്പൻ പ്രോജക്ടുകൾ, നമ്മുടെ കാലാവസ്ഥയ്ക്കും, കാർഷികോത്പന്നങ്ങൾക്കും, അവയുടെ സംസ്കരണ-വിപണ സാദ്ധ്യതകൾക്കും അനുയോജ്യമാണോ എന്ന് ഈ മേഖലയിലെ വിദഗ്ധരുടെയും, ഈ കാര്യത്തിൽ കൂടുതൽ സാങ്കേതിക പരിജ്ഞാനമുള്ള കാർഷിക സർവ്വകലാശാലയടക്കമുള്ള സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള സാധ്യതാപഠനങ്ങൾക്കും, നിർദ്ദേശവും തേടിയ ശേഷം മാത്രം ഏറ്റെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതും അതുവഴി പ്രോജക്ടിനുണ്ടാകാവുന്ന പ്രതികൂലഘടകങ്ങൾ പരാമധി ഒഴിവാക്കേണ്ടതുമാണ്. ഈ കാര്യത്തിൽ ഭരണ സമതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം.5/10.07.2023)

## 1-21 പത്താഴകുണ്ട് കുടിവെള്ള പദ്ധതി മോട്ടോർ പമ്പ് സെറ്റ് മെയിന്റനൻസ് - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയുള്ള പദ്ധതി നിർവ്വഹണം

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 172-ാം വകുപ്പ് പ്രകാരം നിയമത്തിന്റെ നാലാം പട്ടികയിൽ ഇനം തിരിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിന്റെ ആവശ്യങ്ങൾ നിറവേറ്റേണ്ടത് ബ്ലോക്ക് പഞ്ചായത്തിന്റെ കർത്തവ്യമായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. നാലാം പട്ടികയിൽ എ(3) പ്രകാരം ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുത്തശേഷം ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ തയ്യാറാക്കുകയും ബാക്വേർഡ്-ഫോർവേഡ് ലിങ്കേജ് നല്കുകയും ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. നാലാം പട്ടികയിൽ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ കുടിവെള്ള വിതരണം ബ്ലോക്കിന്റെ ചുമതലയിൽ ഉൾപ്പെടുന്ന കാര്യമല്ല.പതിനാലാം പഞ്ചവത്സര പദ്ധതി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 19.04.2022ലെ സർക്കാർ ഉത്തരവ് (കൈ) നം.84/2022/തസ്വഭവ ഖണ്ഡിക:2.4(2)ൽ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 3,4,5 പട്ടികയിൽ യഥാക്രമം

ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയുടെ ചുമതലകൾ വിശദമാക്കിയിട്ടുണ്ട്. ത്രിതല പഞ്ചായത്തുകൾ, തങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതും സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ ഏൽപ്പിച്ച നല്കുന്നതുമായ ചുമതലകൾ നിറവേറ്റുന്നതിന് വേണ്ടി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ് എന്നി നിർദ്ദേശിച്ചിട്ടുള്ളതാണ്.മേൽ ഉത്തരവ് ഖണ്ഡിക:8.1 (22) പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടെ കുടിവെള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വസ്തുതകൾ ഇതായിരിക്കെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ നം.114/23 പത്താഴകുണ്ട് കുടിവെള്ള പദ്ധതി മോട്ടോർ പമ്പ് സെറ്റ് മെയിന്റനൻസ് അനുബന്ധ പ്രവർത്തനങ്ങൾ (പ്രോജക്ട് അടങ്കൽ:വികസനഫണ്ട് പൊതുവിഭാഗം-1,50,000 & ചെലവ്:1,50,000 (വൗച്ചർ നം.22200748/24.03.23) അടങ്കൽ:ധനകാര്യകമ്മീഷൻ ഗ്രാന്റ് -108226 & ചെലവ്:108226 (വൗച്ചർ നം.22200737/31.03.23) എന്ന പ്രോജക്ടിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടില്ലാത്തിടത്ത് പദ്ധതി പ്രവർത്തനം നടത്തിയിട്ടുള്ളതാണ്. കുടിവെള്ള പദ്ധതി മോട്ടോർ പമ്പ് സെറ്റ് മെയിന്റനൻസിന് തെക്കുകര ഗ്രാമപഞ്ചായത്തിന്റെ സമ്മതപത്രമോ, സമാനമായ പ്രോജക്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ലെന്ന് ഉറപ്പു വരുത്തിയതായോ സംബന്ധിച്ച യാതൊരു രേഖയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയും അറിയിച്ചിട്ടില്ലാത്തതാണ്. മേൽ പറഞ്ഞ രേഖകൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.6/10.07.2023)

1-22 ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 48/23 പി.എം.എ.വൈ. ആവാസ് പ്ലസ് ജനറൽ ഗുണഭോക്താക്കൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നല്കൽ, 47/23 പി.എം.എ.വൈ. ആവാസ് പ്ലസ് പട്ടികജാതി ഗുണഭോക്താക്കൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നല്കൽ എന്നീ പ്രോജക്ടുകൾ പ്രകാരം ഭവന നിർമ്മാണ ധനസഹായം നല്കിയിരിക്കുന്ന താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം നാളിതു വരെ പൂർത്തീകരിച്ചിട്ടില്ലാത്തതാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരുവിവരം | ഗുണഭോക്താവിന്റെ വിഭാഗം | ഐ.ഡി. നമ്പർ | നാളിതുവരെ കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയ തിയതി |
|---|---|---|---|---|---|
| 1 | സരോജിനി സുബ്രഹ്മണ്യൻ, മുണ്ടയൂർ മനപ്പടി തലശ്ശേരി, ദേശമംഗലം | പട്ടികജാതി | KL149055608 | 3,76,000 | 02.12.2022 |
| 2 | രവി കരിക്ക, കിഴക്കേമഠപടി വീട്, പല്ലൂർ (പി.ഓ) ദേശമംഗലം | പട്ടികജാതി | KL151706712 | 2,78,000 | 11.03.23 |
| 3 | സരോജിനി കൃഷ്ണൻകുട്ടി, കിഴക്കേമഠപടി വീട്, പല്ലൂർ (പി.ഓ) ദേശമംഗലം | പട്ടികജാതി | KL150858236 | 3,76,000 | 14.02.23 |
| 4 | സതി സുബ്രഹ്മണ്യൻ കിഴക്കേമഠപടി | പട്ടികജാതി | KL150858236 | 3,28,000 | 07.01.23 |

| | | | | | |
|---|---|---|---|---|---|
| | വീട്, പല്ലൂർ (പി.ഓ) ദേശമംഗലം | | | | |
| 5 | ബീവാത്തു D/o. മുഹമ്മദ് പുളിക്കൽ വീട്, ആറ്റൂർ (പി.ഓ) | ജനറൽ | KL147663944 | 3,76,000 | 11.01.23 |
| 6 | സരോജിനി W/o. ശങ്കരൻ പാലക്കുന്നത്ത്, ആറ്റൂർ (പി.ഓ) മുള്ളൂർക്കര | പട്ടികജാതി | KL149565970 | 1,18,000 | 22.03.23 |
| 7 | കാർത്ത്യായനി വിളക്കത്ര, തെക്കുകര | പട്ടികജാതി | KL100802439 | 3,76,000 | 30.11.22 |
| 8 | ശ്രുതി സുബിഷ്, ചക്കണ്ടത്ത് വീട്, അത്താണി | പട്ടികജാതി | KL151740236 | 48,000 | 30.03.22 |
| 9 | രാജു S/o.ശങ്കരൻകുട്ടി കല്ലുംകുന്നത്ത് വീട്, പനങ്ങാട്ടുക്കര | ജനറൽ | KL100802486 | 2,64,000 | 1.12.22 |
| 10 | ഷീബ പി.വി.w/o. ചന്ദ്രൻ തെക്കേക്കര വീട്, വരവൂർ | പട്ടികജാതി | KL150822401 | 3,76,000 | 21.03.23 |
| 11 | ഷിജി. എം.സി. W/o. രാജൻ പുറശ്ശേരി കോളനി, തളി | പട്ടികജാതി | KL151669539 | 3,76,000 | രേഖപ്പെടുത്തിയിട്ടില്ല |
| 12 | രജനി രാമകൃഷ്ണൻ, ഇയ്യത്ത് വളപ്പിൽ വീട് തെക്കുകര | പട്ടികജാതി | KL150501603 | 3,76,000 | 17.03.23 |

മേൽ പട്ടികപ്പെടുത്തിയ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കുന്നതിനാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.21/11.07.2023ന് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്. ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 നബാർഡ് RIDF TRANCHE XXVൽ ഉൾപ്പെടുത്തി ഏറ്റെടുത്ത എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരക്കോട്-കൊടുമ്പ് ചാത്തൻചിറ റോഡ് പുനർനിർമ്മാണ പ്രവൃത്തി നാലുവർഷക്കാലമായിട്ടും ഫലപ്രാപ്തിയിലെത്തിയില്ല

03.05.2019 തിയതിയിലെ പ്രോജക്റ്റ് ഓഫീസർ, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ദാരിദ്ര്യ നിർമ്മാർജ്ജന സെല്ലിന്റെ സി-243/19/PAU നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത്

ഭരണസമിതിയുടെ 16.05.2019ലെ 6.4-ാം നമ്പർ തീരുമാനപ്രകാരം എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരക്കോട്-കൊടുമ്പ് ചാത്തൻചിറ റോഡ് നമ്പർഡ് RIDF TRANCHE XXVൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കുന്നതിനും പ്രവൃത്തിയ്ക്കാവശ്യമായ 20% തുക ബ്ലോക്ക് പഞ്ചായത്ത് വഹിക്കുന്നതിനുമായി തീരുമാനിച്ചു.

എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ 12, 13 വാർഡിലൂടെ കടന്നു പോകുന്നതും, 12500 വരുന്ന ജനങ്ങൾക്ക് പ്രയോജനപ്പെടുന്നതുമായ ഈ റോഡിന് രണ്ടു ഭാഗങ്ങളാണുള്ളത് വടക്കാഞ്ചേരി-ചാവക്കാട് സംസ്ഥാന പാതയിലെ കാഞ്ഞിരക്കോട് സെന്ററിൽ നിന്നും തുടങ്ങി കൊടുമ്പ് വഴി വനാതിർത്തിയോടു ചേർന്ന ചാത്തൻചിറ അണക്കെട്ട് വരെ എത്തിചേരുന്ന പ്രധാന പാതയും. ഇതു കൂടാതെ കൊടുമ്പ് ചാത്തൻചിറ റോഡും, വടക്കാഞ്ചേരി-ചാവക്കാട് സംസ്ഥാന പാതയുമായി ബന്ധിപ്പിക്കുന്ന ഒരു ലിങ്ക് റോഡും, ഇതുകൂടാതെ കൊടുമ്പ് ചാത്തൻചിറ റോഡിലെ രണ്ടു പോയിന്റുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മറ്റൊരു ലിങ്ക് റോഡും കൂടി ഉൾപ്പെടുത്തിയാണ് പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. പ്രധാന റോഡിന് 3600 മീറ്ററും ആദ്യത്തെ ലിങ്ക് റോഡിന് 625 മീറ്ററും രണ്ടാമത്തെ ലിങ്ക് റോഡിന് 375 മീറ്ററും ദൈർഘ്യമുള്ളതാണ്. നിലവിൽ പ്രാധാന വീഥി എല്ലായിടത്തും 6 മീറ്റർ വീതിയോടുകൂടിയതും, ക്യാരിജ്‌വേ 3 മീറ്റർ ടാറിട്ടതുമാണ്. ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി സഞ്ചാരയോഗ്യമാക്കിയാൽ ചാത്തൻചിറയെന്ന സ്വാഭാവിക ജലതടകാത്തിന്റെ പ്രാദേശിക വിനോദസഞ്ചാര സാധ്യതയും വിപുലപ്പെടുത്താവുന്നതാണെന്നും പ്രോജക്ട് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ പദ്ധതിയിൽ നിലവിലെ 3 മീറ്റർ ടാറിട്ട മെയിൻ റോഡ് ഇരുഭാഗത്തുംകൂടി 5.55മീറ്റർ വീതി കൂട്ടുന്നതിനും, റോഡ് പ്രൊഫൈൽ ശരിയാക്കുന്നതിനുമുൾപ്പെടെ BM&BC (Bituminous Macadam & Bituminous Concrete) എന്ന തരത്തിലുള്ള പുനരുദ്ധാരണ പ്രവർത്തികൾ നടത്തുന്നതിനും, റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് 750 മീറ്റർ കാന നിർമ്മിക്കുന്നതിനും, 758 മീറ്റർ സൈഡ് കെട്ടുന്നതിനും, കൂടാതെ നിലവിലെ 12 കൾവർട്ടുകൾ പുനർ നിർമ്മിക്കുന്നതിനും, 3 കൾവർട്ടുകൾ കൂടി പുതിയതായി നിർമ്മിക്കുന്നതിനും, 1200 മീറ്റർ റോഡിനിരുവശവും ഷോൾഡർ കോൺക്രീറ്റ് നൽകുന്നതിനും റോഡിന്റെ സുരക്ഷാ ക്രമീകരണങ്ങളുമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് 2016 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 31.06% കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ ആകെ എസ്റ്റിമേറ്റ് തുക 5,60,00,000 രൂപയായി കണക്കാക്കിയിരുന്നു. പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 12 മാസമായും കണക്കാക്കിയിരുന്നു.

03.02.2020ലെ തദ്ദേശസ്വയംഭരണ വകുപ്പ്(ഡി.ഡി) വകുപ്പിന്റെ സർക്കാർ ഉത്തരവ് നം.G.O.(Rt)284/2020/LSGD പ്രകാരം ആകെ 560 ലക്ഷം രൂപ പ്രോജക്ട് കോസ്റ്റായി ഭരണാനുമതി ലഭിക്കുകയും ആയതിൽ നബാർഡ് RIDFൽ നിന്നും 448 ലക്ഷവും, സംസ്ഥാന സർക്കാർ വിഹിതമായി 112 ലക്ഷവും ഉൾക്കൊള്ളിച്ചിരുന്നു. 25.07.2020ലെ തദ്ദേശ സ്വയം ഭരണ (എഞ്ചിനീയറിംഗ്) വകുപ്പ് ചീഫ് എഞ്ചിനീയറുടെ LSGD/TS/2020-21 /63375 നമ്പരായി പ്രോജക്ടിന് സാങ്കേതികാനുമതിയും ലഭ്യമായി.

സാങ്കേതികാനുമതി ലഭിച്ച പ്രോജക്ടിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| റോഡ് നീളം മെയിൻ റോഡ് | 3633 മീറ്റർ |
| ബ്രാഞ്ച് റോഡ് | 383 മീറ്റർ |
| ആകെ | 4016 മീറ്റർ |
| കോൺക്രീറ്റ് കാന നിർമ്മാണം | 1136 മീറ്റർ |
| പാർശ്വ ഭിത്തി | 1077 മീറ്റർ |
| ഐറിഷ് ഡ്രെയ്ൻ നിർമ്മാണം | 1925 മീറ്റർ |
| കൾവർട്ട് പുതിയത് നിർമ്മാണം | 3 എണ്ണം |
| കൾവർട്ട് പുനർ നിർമ്മാണം | 12 എണ്ണം |

എന്നാൽ സ്റ്റേറ്റ് ഫണ്ട് (ജില്ലാ/ബ്ലോക്ക്/മറ്റു ഗ്രാമപഞ്ചായത്ത് ഫണ്ടുകൾ) വകയിരുത്തുകയോ, പ്രോജക്ടുകൾ തയ്യാറാക്കുകയോ ചെയ്യാത്തതിനാൽ 2020-21 വർഷത്തിൽ കാഞ്ഞിരക്കോട്-കൊടുമ്പ് ചാത്തൻചിറ റോഡ് നിർമ്മാണം ഏറ്റെടുത്ത് നടത്തുകയുണ്ടായില്ല.

21.01.21ലെ അസിസ്റ്റന്റ് ഡവലപ്പ്മെന്റ് ഡയറക്ടർ (ജനറൽ)ന്റെ ആർ.ഡി.1071/2020നമ്പർ കത്തു പ്രകാരം തദ്ദേശസ്വയംഭരണ മന്ത്രിയും, കുന്നംകുളം എം.എൽ.എ.യുമായ ശ്രീ.എ.സി.മൊയ്തീന്റെ നിയോജകമണ്ഡലം

പ്രാദേശിക വികസന ഫണ്ടിൽ നിന്നും 25ലക്ഷം രൂപ കാഞ്ഞിരക്കോട്-കൊടുമ്പ് ചാത്തൻചിറ റോഡ് നിർമ്മാണത്തിനായി വകയിരുത്തുകയും, തൃശ്ശൂർ ജില്ല കളക്ടറുടെ 22.02.21ലെ RD-1-12587/2020നമ്പർ ഉത്തരവ് പ്രകാരം മേൽ പറഞ്ഞ തുക അനുവദിച്ച് നല്കിയിട്ടുള്ളതുമാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ 18.02.2021ലെ 2.2 നമ്പർ തീരുമാന പ്രകാരം, 13.08.2021 ലെ G.O.(P)No.114/2021/Fin. പ്രകാരം DSR 2018 നിരക്ക് അംഗീകരിച്ച് സർക്കാർ ഉത്തരവ് നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി തുകയായ 5.6 കോടിയിൽ പരിമിതപ്പെടുത്തി DSOR 2018 പ്രകാരം എസ്റ്റിമേറ്റ് പുതുക്കുന്നതിനും, ആയതിലേയ്ക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെട്ട 383 മീറ്റർ നീളമുള്ള കണക്ഷൻ റോഡിന്റെ പുനരുദ്ധാരണം ഒഴിവാക്കുന്നതിനും ആവശ്യമെങ്കിൽ ആകെ റോഡിന്റെ നീളം കുറവ് വരുത്തുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ്.

21-02-2021ന് തദ്ദേശസ്വയംഭരണ മന്ത്രിയും, കുന്നംകുളം എം.എൽ.എ. യുമായ ശ്രീ. എ.സി. മൊയ്തീൻ കാഞ്ഞിരക്കോട് കൊടുമ്പ് ചാത്തൻചിറ റോഡിന്റെ നിർമ്മാണോദ്ഘാടനം നിർവ്വഹിച്ചു.

04.12.21ലെ A2-25/21 പ്രകാരം കൊടുമ്പ് ചാത്തൻചിറ BMBC റോഡിന് വിഹിതം നൽകൽ എന്ന പ്രോജക്റ്റിന് വേണ്ടി ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി 2 ലക്ഷംരൂപ വകയിരുത്തിയിട്ടുള്ളതായി എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് 2021-22 വർഷത്തെ പദ്ധതിയായി NABARD RIDF കാഞ്ഞിരക്കോട് കൊടുമ്പ് ചാത്തൻചിറ റോഡ് എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് (പ്രോജക്റ്റ് നം.49/22) എന്ന പ്രവൃത്തിയ്ക്ക് 5,60,00,000 വകയിരുത്തിയിട്ടുള്ളതും ആയതിൽ NABARD വിഹിതം 4,48,00,000/-എം.എൽ.എ ഫണ്ട് 25,00,000യും, ജില്ലാ പഞ്ചായത്ത് വിഹിതം 25,00,000 യും ബ്ലോക്ക് പഞ്ചായത്ത് തനതുഫണ്ട് വിഹിതത്തിൽ നിന്നും 14,00,000, ബ്ലോക്ക് പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്നും 63,000 രൂപയും ചേർത്ത് ആകെ 5,12,63,000 വകയിരുത്തിയിട്ടുണ്ട് ബാക്കി തുകയായ 47,37,000 ബ്ലോക്കിന്റെ 2021-22 വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തി പദ്ധതി നിർവ്വഹണം നടത്തുന്നതിനും, പദ്ധതി ബഹുവർഷ പ്രോജക്റ്റായി നടപ്പിലാക്കുന്നതിനും തീരുമാനിച്ചു,

21.02.22ലെ തദ്ദേശ സ്വയം ഭരണ (എഞ്ചിനീയറിംഗ്) വകുപ്പ് ചീഫ് എഞ്ചിനീയറുടെ TSNo.86779/2021-22 EST No.2021/102652 നമ്പരായി പ്രോജക്റ്റിന് പുതുക്കിയ സാങ്കേതികാനുമതി ലഭ്യമായി. ആയതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| റോഡ് നീളം മെയിൻ റോഡ് | 3433 മീറ്റർ |
| ബ്രാഞ്ച് റോഡ് | ഒഴിവാക്കി |
| ആകെ | 3433 മീറ്റർ |
| കോൺക്രീറ്റ് കാന നിർമ്മാണം | 750 മീറ്റർ |
| പാർശ്വ ഭിത്തി | 502 മീറ്റർ |
| ഐറിഷ് ഡ്രൈൻ നിർമ്മാണം | 1350 മീറ്റർ |
| കൾവർട്ട് പുതിയത് നിർമ്മാണം | 3 എണ്ണം |
| കൾവർട്ട് പുനർ നിർമ്മാണം | 12 എണ്ണം |

25.05.2022ലെ ഗ്രാമ വികസന വകുപ്പ് കമ്മീഷണറുടെ സി ആർ ഡി 387/2022/ആർ.ഐ. നമ്പർ ഉത്തരവ് പ്രകാരം മേൽ പറഞ്ഞ പുതുക്കിയ സാങ്കേതികാനുമതിയുടെ അടിസ്ഥാനത്തിൽ പ്രോജക്റ്റിന് പുതുക്കിയ ഭരണാനുമതി ലഭിച്ചു.

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 24.06.2022ലെ 1(1) നമ്പർ തീരുമാന പ്രകാരം കാഞ്ഞിരക്കോട് കൊടുമ്പ് ചാത്തൻ ചിറ റോഡിന്റെ നിർമ്മാണ കരാർ ശ്രീ.ടി.എം. അബ്ദുൾ ഹമീദ് ഖാൻ എന്നവർക്ക് ഏൽപ്പിച്ചു നല്കിയിട്ടുള്ളതാണ്.14.07.2022ലെ ബി.530/19 നമ്പർ വർക്ക് ഓർഡർ പ്രകാരം പ്രവൃത്തിയുടെ നിർവ്വഹണ കാലയളവ് 20 മാസമാണ്.

16.12.2022ലെ സർക്കാർ ഉത്തരവ് നമ്പർ:3028/2022/തസ്വഭവ പ്രകാരം അനുവദിച്ച NABARD -RIDF സ്റ്റാർട്ട്-അപ്പ് അഡ്വാൻസ് ₹89.60ലക്ഷം കരാറുകാരനായ ശ്രീ. ടി.എം. അബ്ദുൾ ഹമീദ് ഖാന് അനുവദിച്ചു നല്കിയിട്ടുള്ളതാണ്. നബാർഡ് ആർഐഡി എഫ് കാഞ്ഞിരക്കോട് കൊടുമ്പ് ചാത്തൻചിറ റോഡ് പൂർത്തീകരണം- എരുപ്പെട്ടി എന്ന പ്രോജക്റ്റിൽ വൗച്ചർ നം.22200818/29.03.23 പ്രകാരം ₹9,55,800യും വൗച്ചർ നം.22200817/ 29.03.23 പ്രകാരം ₹3,76,200യും അനുവദിച്ചിട്ടുള്ളതാണ്. ആയതു പ്രകാരം നാളിതുവരെ ആകെ

₹1,02,92,000/- കരാറുകാരന് അനുവദിച്ച നല്കിയിട്ടുള്ളതാണ്.

27.03.2023ന് കരാറുകാരനായ ശ്രീ.ടി.എം. അബ്ദുൾ ഹമീദ് ഖാൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നല്കിയ കത്തിൽ, എസ്റ്റിമേറ്റ് പ്രകാരം, പഴയറോഡ് പൊളിച്ച മെറ്റീരിയൽ (GSB &WETMIX) ഉപയോഗിക്കാനാണ് പറഞ്ഞിരിക്കുന്നതെന്നും, എന്നാൽ പഴയ റോഡ് മുഴുവൻ ഡാമേജ് ആയതിനാൽ അതിൽ നിലവാരമുള്ള മെറ്റീരിയൽ ഒന്നും തന്നെയില്ലാത്തതിനാൽ പുതിയ മെറ്റീരിയൽ (GSB &WETMIX) വെച്ച് നിർമ്മാണം പൂർത്തീകരിക്കുന്നതിന് അനുമതി നല്കുന്നതിനും ആവശ്യപ്പെട്ടിട്ടുള്ളതാണ്.

01.03.2023 തിയതിയിലെ കത്തിൽ, കൾവർട്ട് നിർമ്മാണം,അഴുക്കചാൽ നിർമ്മാണം, സംരക്ഷണഭിത്തി നിർമ്മാണം എന്നിവയുടെ 90% നിർമ്മാണ പ്രവൃത്തി പൂർത്തീയായതായും, നിലവിൽ ആകെ ₹1,35,00,000 മൂല്യത്തിനുള്ള പ്രവൃത്തി പൂർത്തീകരിച്ചതായും LSGD ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വടക്കാഞ്ചേരി അറിയിച്ചിട്ടുണ്ട്. കൂടാതെ ഈ പ്രവൃത്തിയിലെ ചില ഇനങ്ങൾക്ക് വ്യതിയാനമുള്ളതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് വേണമെന്നും, ആയതിനു ശേഷം മാത്രമേ തുടർന്നുള്ള പ്രവൃത്തി നടപ്പിലാക്കുന്നതിന് കഴിയൂ എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളതാണ്.

ഓഡിറ്റ് വർഷത്തിൽ പ്രോജക്റ്റിനായി വകയിരുത്തിയ തുകയും ആയതിന്റെ ചെലവിന്റെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ പേരു വിവരം | | വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം | തനത് ഫണ്ട് | ഗ്രാമ പഞ്ചാ യത്ത് വിഹിതം | ജില്ലാ പഞ്ചാ യത്ത് വിഹിതം | മറ്റുള്ളവ | ആകെ | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|---|
| 1 | 60/23 നമ്പർഡ് RIDF ലെ കാഞ്ഞിരക്കോട്-കൊടുമ്പ് ചാത്തൻചിറ റോഡ് -എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് പൂർത്തീകരണം (New) | അടങ്കൽ | 3824200 | | | | | 3824200 | 34.83 |
| | | ചെലവ് | 1332000 | | | | | 1332000 | |
| 2 | 98/23 നമ്പർഡ് RIDF ലെ കാഞ്ഞിരക്കോട്-കൊടുമ്പ് ചാത്തൻചിറ റോഡ് -എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് പൂർത്തീകരണം (SO) | അടങ്കൽ | 63000 | 1400000 | 200000 | 2500000 | 47300000 | 51463000 | 0 |
| | | ചെലവ് | 0 | 0 | 0 | 0 | 0 | 0 | |

തൻവർഷം അനുവദിച്ച നബാർഡ് സ്റ്റാർട്ട് അപ്പ് അഡ്വാൻസ് തുകയായ ₹8960000 സുലേഖ കണക്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതാണ്. മേൽ പട്ടികപ്പെടുത്തിയതു പോലെ വളരെ ശുഷ്കമായി ചെലവാണ് ഈ പ്രോജക്റ്റിൽ ഓഡിറ്റ വർഷം ഉണ്ടായിട്ടുള്ളത്.

ഓഡിറ്റിന്റെ ഭാഗമായി 11.07.2023ന് നിർമ്മാണ സൈറ്റ് പരിശോധിച്ചതിൽ കൾവർട്ടുകളുടെ പണി

പൂർത്തീകരിച്ച കാണുന്ന എന്നാൽ റോഡ് പണി നാളിതുവരെ ആരംഭിച്ചതായി കണ്ടില്ലെന്ന മാത്രമല്ല നിലവിൽ യാതൊരു നിർമ്മാണ പ്രവർത്തനവും ഇവിടെ നടന്ന വരുന്നമില്ല, ആകെ പൊളിഞ്ഞറോഡിൽ കൂടിയുള്ള ഗതാഗതം തീർത്തും ദുഷ്കരവും, ഒരു പരിതിവരെ അസാദ്ധ്യവുമായ അവസ്ഥയിലാണ്. റോഡിന്റെ പണി പൂർത്തീകരിക്കാത്തതിനാൽ ആയതിന്റെ ദുരിതം ഈ പറഞ്ഞ പന്ത്രണ്ടായിരത്തി അഞ്ഞൂറോളം ജനങ്ങളും നിലവിൽ അനുഭവിച്ച വരുന്നു. മേൽ പറഞ്ഞ പ്രകാരം റോഡ് പണി സംബന്ധിച്ച ആലോചനകൾ തുടങ്ങിയിട്ട് നാല് വർഷം (16.05.2019 ലെ തീരുമാനം കാണുക) കഴിഞ്ഞിട്ടും ആയത് ഫലപ്രാപ്തിയിലെത്തിക്കുന്നതിന് നിലവിലും ബ്ലോക്ക് അധികാരികൾക്ക് കഴിഞ്ഞിട്ടില്ലാത്തതാണ്. മേൽ കാണിച്ച പ്രകാരം ആദ്യമുണ്ടാക്കിയ എസ്റ്റിമേറ്റ് ഒരു തവണ പരിഷ്കരിച്ചപ്പോൾ പ്രധാന വീഥിയുടെ മുൻനിശ്ചിച്ചിരുന്ന ദൈർഘ്യം 200 മീറ്റർ കുറയ്ക്കുകയും,ആയതു മൂലം ചാത്തൻചിറിയിലേയ്ക്ക് നിർദ്ദിഷ്ഠ റോഡ് എത്തിചേരാത്ത അവസ്ഥയാണ് നിലവിലുള്ളത്, പുനർ നിർമ്മാണ പ്രവർത്തിയിൽ നിന്നും ബ്രാഞ്ച് റോഡുകളെ പരിപൂർണ്ണമായും ഒഴിവാക്കേണ്ടതായും വന്നിരിക്കുന്നു. ഇതു കൂടാതെ മേൽ വ്യക്തമാക്കിയ വിധം 01.03.2023ലെ LSGD ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്തിൽ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പരിഷ്കരിക്കുന്ന സാഹചര്യത്തിലും, 18.07.2022ലെ സർക്കാർ ഉത്തരവ് ജി.ഓ.(പി)നം.82/2022/Taxes പ്രകാരം ജി.എസ്.റ്റി നിരക്ക് ഉയർത്തിയതിന്റെ പശ്ചാത്തലത്തിലും പ്രവൃത്തിയുടെ അളവിൽ തുടർന്നും കുറവവരുത്തേണ്ട സ്ഥിതി സംജാതമായിട്ടുള്ളതാണ്.

നിലവിലുള്ള റോഡിന്റെ ശോചനീയാവസ്ഥ മൂലം എസ്റ്റിമേറ്റ് റിപ്പോട്ടിൽ പറഞ്ഞ പന്ത്രണ്ടായിരത്തി അഞ്ഞൂറോളം വരുന്ന ജനങ്ങളുടെ സഞ്ചാര സ്വാതന്ത്യം തന്നെ നിലവിൽ പരിമിതപ്പെട്ട അവസ്ഥയിലാണ്. ഏറ്റെടുത്ത പ്രവൃത്തി സമയക്രമത്തിൽ ചെയ്തു തീർക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന് കഴിയാത്തതു മൂലം പ്രോജക്ടിന്റെ യഥാർത്ഥ ഗുണഭോക്താക്കളായ ജനങ്ങൾക്ക് അതിന്റെ പ്രയോജനം ലഭിക്കാതിരിക്കുകയോ, പരിമിതപ്പെടുകയോ ചെയ്യുന്ന അവസ്ഥയാണ് മാത്രമല്ല 30.10.2020 തിയതിയിലെ കത്തിൽ ദാരിദ്ര്യ ലഘൂകരണ വിഭാഗം തൃശ്ശൂർ ജില്ലാ പ്രോജക്ട് ഓഫീസർ വ്യക്തമാക്കിയതു പോലെ, ഗ്രാമീണ മേഖലയിലെ പശ്ചാത്തല വികസനമായി ബന്ധപ്പെടുത്തി നബാർഡ് RIDF TRANCHE XXVൽ ഉൾപ്പെടുത്തി ഏറ്റെടുത്ത എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരക്കോട്-കൊടുമ്പ് ചാത്തൻചിറ റോഡ് പുനർനിർമ്മാണപ്രവൃത്തി ഫലപ്രദമായി നിർവ്വഹിക്കാത്ത പക്ഷം തദ്ദേശ സ്വയംഭരണ വകുപ്പിന് തുടർന്നും ഇത്തരം ഫണ്ടുകൾ ലഭിക്കുന്നതിനുള്ള സാധ്യതകൾക്ക് വിഘാതമായി ഭവിക്കുന്നതാണ്. ആയതിനാൽ ഇക്കാര്യം അതീവ ഗൗരവമുള്ളതായി കണക്കാക്കി അടിയന്തര തുടർനടപടികൾ സ്വീകരിക്കുന്നതിനും റോഡ് പുനരുദ്ധാരണം എത്രയും വേഗത്തിൽ പൂർത്തീകരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.18/11.07.23)

## 1-24 പദ്ധതിരൂപീകരണവും നിർവ്വഹണവും മോണിറ്ററിംഗും (വികസനഫണ്ട്- പൊതുവിഭാഗം സാധാരണ വിഹിതം) എന്ന പ്രോജക്ടിൽ നിന്നും ജീവനക്കാർക്ക് ക്രമ വിരുദ്ധമായി യാത്രാബത്ത അനുവദിച്ചു നല്കി

പതിനാലാം പഞ്ചവത്സര പദ്ധതി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 19.04.2022ലെസർക്കാർ ഉത്തരവ് (കൈ) നം.84/2022/തസ്വഭവ അദ്ധ്യായം-9 ഖണ്ഡിക:(2) പ്രകാരം വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ, ആസൂത്രണ സമിതി യോഗങ്ങൾ, പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട മറ്റ് യോഗങ്ങൾ എന്നിവയിൽ പങ്കെടുക്കുന്ന വർക്കിംഗ് ഗ്രൂപ്പിലെയും, ആസൂത്രണ സമിതിയിലേയും അനൗദ്യോഗിക അംഗങ്ങൾക്ക് ഈ പദ്ധതി ആസൂത്രണ,നിർവ്വഹണ,മോണിട്ടറിംഗ് ചെലവുകൾക്കയുള്ള പ്രോജക്ടിൽ നിന്നും യത്രാബത്ത നല്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും 2022-23 മുതൽ 2026-27 വരെയുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച 28.05.2022 തിയതിയിലെ മർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 115/2022/തസ്വഭവ ഖണ്ഡിക:8.6 സർക്കാരിന്റെ പ്രത്യേക അനുമതി കൂടാതെ ശമ്പളമോ ഓണറേറിയോ നല്കാൻ പടില്ല എന്ന വ്യക്തമാക്കിയിട്ടുള്ളതുമാണ്. എന്നാൽ ഈ നിർദ്ദേശത്തിനു വിരുദ്ധമായി 44/23 പദ്ധതിരൂപീകരണവും നിർവ്വഹണവും മോണിറ്ററിംഗും (വികസനഫണ്ട്- പൊതുവിഭാഗം സാധാരണ വിഹിതം) എന്ന പ്രോജക്ടിൽ നിന്നും 22200813/29.03.2023 നമ്പർ വൗച്ചർ പ്രകാരം താഴെ പറയും പ്രകാരം ജീവനക്കാർക്ക് യാത്രാബത്ത

അനുവദിച്ച് നല്കിയിട്ടുള്ളതാണ്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേരു വിവരം | തുക (₹) |
|---|---|---|
| 1 | ഹരിദാസ്.എം. സെക്രട്ടറി | 11,871 |
| 2 | ഷീന.എസ്. EO(WW) | 5,000 |
| 3 | സുജേഷ് സുമുഖൻ, ഹെഡ്ക്ലാർക്ക് | 6,000 |
| ആകെ | | 22,871 |

മേൽ പറഞ്ഞ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പട്ടികപ്പെടുത്തിയ പ്രകാരം ജീവനക്കാർക്ക് 44/23 പദ്ധതിരൂപീകരണവും നിർവ്വഹണവും മോണിറ്ററിംഗും എന്ന പ്രോജക്ടിൽ നിന്നും നിന്നും യാത്രാബത്ത അനുവദിച്ച് നല്കിയത് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി അവശ്യപ്പെട്ടുകൊണ്ട് നല്കിയ 4/10.07.2023 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി 03.04.2014ലെ തദ്ദേശ സ്വയംഭരണ(ഡി എ) വകുപ്പിന്റെ 969/2014/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് ഹാജരാക്കിയിട്ടുള്ളതാണ്. എന്നാൽ പതിനാലാം പഞ്ചവത്സര പദ്ധതി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 19.04.2022ലെ സർക്കാർ ഉത്തരവ് (കൈ) നം.84/2022/തസ്വഭവ ഉത്തരവ് 19.04.2022 മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. ആയതിനാൽ 19.04.2022 തിയതിയിൽ മുതൽ പുതുക്കിയ മാർഗ്ഗരേഖയിലെ വ്യവസ്ഥകളാണ് പദ്ധതി നിർവ്വഹണത്തിന് ബാധകമാക്കേണ്ടത് . ആയതിന്റെ അടിസ്ഥാനത്തിൽ മേൽ വ്യക്തമാക്കിയ പ്രകാരം പ്രസ്തുത ഉത്തരവിന്റെ അദ്ധ്യായം-9 ഖണ്ഡിക:2ൽ വ്യക്തമാക്കിയ പ്രകാരം പ്രോജക്ടിൽ നിന്ന് അനൗദ്യോഗിക അംഗങ്ങൾക്ക് മാത്രമാണ് യാത്രാബത്ത അനുവദിക്കാവുന്നത് ആയതിന് വിരുദ്ധമായി മേൽ വ്യക്തമാക്കിയ വിധം ബ്ലോക്ക് പഞ്ചായത്തിലെ ജീവനക്കാർക്ക് യാത്രാബത്ത അനുവദിച്ച് നല്കിയത് ക്രമപ്രകാരമല്ല. ആയതിനാൽ പതിനാലാം പഞ്ചവത്സര പദ്ധതി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 19.04.2022ലെസർക്കാർ ഉത്തരവ് (കൈ) നം.84/2022/തസ്വഭവ ഉത്തരവ് 19.04.2022 അദ്ധ്യായം-9 ഖണ്ഡിക-2ലെ നിർദ്ദേശത്തിനു വിരുദ്ധമായി ജീവനക്കാർക്ക് യാത്രാബത്ത അനുവദിച്ച് നല്കിയത് സാധൂകരിക്കുന്ന ഉത്തരവ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഉത്തരവ് ഹാജരാക്കുന്നതു വരെ ഈ ഇനത്തിൽ ചെലവഴിച്ച 22,871/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം.4/10.07.2023)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഫാർമസിസ്റ്റിന് വേതനം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നല്കി-44000രൂപ തിരിച്ചടക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, സി.എച്ച്.സി എരുമപ്പെട്ടി |
| പദ്ധതിയുടെപേര്/ നം | സെക്കന്ററി പാലിയേറ്റീവ് പ്രോഗ്രാം നം.13/22-23 |

| | |
|---|---|
| അടങ്കൽ | 1170200 വികസനഫണ്ട് (പൊതുവിഭാഗം, സാധാരണവിഹിതം) |
| ചെലവ് | 1096054 |
| ഓഡിറ്റ് അന്വേഷണംനം /തിയതി | 13/11.07.23 |

മേൽ പദ്ധതി പ്രകാരം 2022-23 വർഷത്തിൽ ഒരു ഫിസിയോ തെറാപിസ്റ്റിനെ നിയമിക്കുകയും വേതനം നൽകുകയും ചെയ്തിട്ടുണ്ട്.

പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ സ.ഉ.(സാധാ)നമ്പർ 553/2019/തസ്വഭവ തിയതി7.3.19 ഖണ്ഡിക 2.14(3,4) പ്രകാരം ഫിസിയോ തെറാപിസ്റ്റിന്റെ സേവനം ഒരു മാസത്തിൽ കുറഞ്ഞത് ഒരു ദിവസം ഗൃഹസന്ദർശനം നടത്തണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഒരു മാസത്തിൽ പരമാവധി 20 ദിവസത്തെ സേവനം ഉപയോഗപ്പെടുത്തി ദിവസ വേതനം നൽകാവുന്നതാണെന്നും സേവനം നൽകിയ ഒരു ദിവസത്തിന് ₹800 പ്രകാരം ദിവസ വേതനം നൽകാവുന്നതാണെന്നും പരാമർശിക്കുന്നുണ്ട്. ഇപ്രകാരം ഈയിനത്തിൽ ഒരു മാസം പരമാവധി ചെലവഴിക്കാവുന്ന തുക ₹16000 (800*20)യാണ്. എന്നാൽ 2022-23 വർഷം (മാസം ₹20000 നിരക്കിൽ) ₹221,200 ചെലവഴിച്ചിട്ടുണ്ട്. പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ₹44000 അധികം തുക ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| വേതനം നൽകിയ മാസം | നൽകിയ വേതനം | വൗച്ചർ നമ്പർ & തീയതി |
|---|---|---|
| ഏപ്രിൽ 2022 | ₹20000 | 22200518/15.05.22 |
| മെയ്- 2022 | ₹20000 | 22200518/15.05.22 |
| ജൂൺ- 2022 | ₹20000 | 22200520/08.07.22 |
| ജൂലായ് 20 22 | ₹20000 | 22200521/10.08.21 |
| ആഗസ്റ്റ് 2022 | ₹20000 | 22200534/31.08.22 |
| സെപ്റ്റംബർ 2022 (ഫെസ്റ്റിവൽ അലവൻസ് ഉൾപ്പെടെ) | ₹21200 | 22200547/12.10.22 |
| ഒക്ടോബർ 2022 | ₹20000 | 22200563/11.11.22 |
| നവംബർ 20 22 | ₹20000 | 22200573/02.12.22 |
| ഡിസംബർ 2022 | ₹20000 | 22200602/04.01.22 |
| ജനവരി 2023 | ₹20000 | 22200649/01.02.23 |

| | | |
|---|---|---|
| ഫെബ്രുവരി 2023 | ₹20000 | 22200744/16.03.23 |
| ആകെ | ₹221200 | |

ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയ്ക്കൊപ്പം തന്ന ഉത്തരവ് പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയ്ക്ക് ബാധകമല്ല. ഫാർമസിസ്റ്റിന് വേതനം കൂട്ടി നൽകിയ നടപടിയ്ക്ക് സർക്കാർ അനുമതിയുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്. ഇല്ലെങ്കിൽ ₹44000 സൂപ്രണ്ടിൽ നിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർന./തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഭൂജല വകുപ്പ് | ശീതീകരിച്ച പച്ചക്കറി വിപണന കേന്ദ്രത്തിന് വാട്ടർ ടാങ്ക്, മോട്ടോർ പമ്പ്സെറ്റ് സ്ഥാപിക്കൽ അനുബന്ധ പ്രവൃത്തികൾ (124/23) | 22200749/ 24.03.23 | 565040 | 0 | പൂർത്തീകരിച്ചിട്ടില്ല | 565040 |
| | ശീതീകരിച്ച പച്ചക്കറി വിപണന കേന്ദ്രത്തിന് കിണർ നിർമ്മാണം (123/23) | 22200667/ 23.02.23 | 71738 | 0 | പൂർത്തീകരിച്ചിട്ടില്ല | 71738 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

### 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 71934586 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 77891650 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 44,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 15,66,539 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഉത്തരവാദിയായ ആളുടെ സ്ഥിര മേൽവിലാസം |
|---|---|---|---|
| ഖ3-1 | 44000 | ഡോ. സുഷമ. ഇ സൂപ്രണ്ട്, സി.എച്ച്.സി, എരുമപ്പെട്ടി | തലേക്കരവീട് ചാഴിയാട്ടിരി ചാത്തന്നൂർ പാലക്കാട്-679535 |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 7,80,755 | ശ്രീ. ഹരിദാസ്. എം സെക്രട്ടറി |
| 1-17 | 1,26,135/- | ശ്രീ. ഹരിദാസ്. എം സെക്രട്ടറി |
| 1-19 | 71,738/-<br>5,65,040/- | ശ്രീ. വിപിൻദാസ്. എം.എസ് അസിസ്റ്റന്റ് എഞ്ചിനീയർ.<br>ശ്രീ. ഹരിദാസ്. എൻ. സെക്രട്ടറി |
| 1-24 | 22,871 | ശ്രീ. ഹരിദാസ്. എം. സെക്രട്ടറി |

| | | |
|---|---|---|
| ആകെ | 15,66,539 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. സുഷമ.ഇ സൂപ്രണ്ട്, സി.എച്ച്.സി, എരുമപ്പെട്ടി | ഡോ. സുഷമ.ഇ സൂപ്രണ്ട്, സി.എച്ച്.സി, എരുമപ്പെട്ടി | തലേക്കരവീട് ചാഴിയാട്ടിരി ചാത്തന്നൂർ പാലക്കാട്-679535 |
| ശ്രീ. വിപിൻദാസ്. എം.എസ്., അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് | അയ്യപ്പൻപറമ്പിൽവീട്, മുളങ്കുന്നത്ത് കാവ് പി.ഒ., തൃശ്ശൂർ6-80581 |
| ശ്രീ. ഹരിദാസ്.എം. | സെക്രട്ടറി വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് | ചങ്കരത്ത് വീട്, ശങ്കരാപുരം, മുളങ്കുന്നത്തുകാവ് , തൃശ്ശൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേ ഷിക്കുന്ന ഖണ്ഡികകളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE/ CH/SCH) |
|---|---|---|---|---|---|
| 1 | 1995-96 മുതൽ 1997-98 വരെ | LFT 20-567/2000 Dtd.21.08.2000/ 08.09.2000 | 21 | 14, 19, 20, 23(b), 26, 27, 28, 29, 30, 31, 32, 34, 35, 36, 37, 38, 40, 41, 42, 43a, 43b, 43c, 43e, 44 | |

| | | | | | |
|---|---|---|---|---|---|
| 2 | 1998-99 | LFT 20-63/01 Dtd.19.05.01/ 03.08.01 | 16 | 17(1), 17(b), 17(2), 18, 18(c To F), 20(4,19 ഒഴികെ), 21, 23, 24, 27, 30, 31(a To C)(b ഒഴികെ), 32, 33, 34, 35 | |
| 3 | 1999-2000 | LFT 21-2591/07 Dtd.31.01.09/ 08.05.09 | 4 | 3-5, 3-6, 3-9, 3-12 | |
| 4 | 2000-01 | LFT 21-2590/07 Dtd.31.01.09/ 08.06.09 | 4 | 3-1, 3-2(a), 3-2(b), 3-7 | |
| 5 | 2001-02 | LFT 21-2589/07 Dtd.31.01.09/ 08.06.09 | 4 | 3-3, 3-4, 3-7, 3-8 | |
| 6 | 2002-03 | LFT 21-2565/07 Dtd.31.01.09/ 08.06.09 | 5 | 3-1, 3-2, 3-3, 3-8, 3-9 | |
| 7 | 2003-04 | LFT 21-2566/07 Dtd.31.01.09/ 08.06.09 | 4 | 2-1, 2-2, 3-1, 3-4 | |
| 8 | 2004-05 | LFT 21-1071/09 Dtd.11.05.10/ 04.11.10 | 4 | 3-2, 3-6, 3-7(a), 3-7(b) | |
| 9 | 2005-06 | LFT 21-1072/09 Dtd.11.05.10/ 08.12.10 | 11 | 2-1, 3-1(1), 3-1(2), 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9 | |
| 10 | 2006-07 | LFT 21-1073/09 Dtd.11.05.10/ 08.12.10 | 10 | 2-1, 3-1, 3-2, 3-3, 3-5, 3-6, 3-7, 3-8, 3-9, 3-10 | |
| 11 | 2007-08 | LFT BP-1914/11 Dtd.21.01.12/ 03.08.12 | 20 | 3-1-1(4), 3-1-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-14(1), 3-14(2), 3-15, 3-16, 3-17, 3-18, 3-19, 3-20 | |
| 12 | 2008-09 | LFT BP-1915/11 Dtd.21.01.12/ 03.08.12 | 11 | 2-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10(1), | |

| | | | | | |
|---|---|---|---|---|---|
| | | | | 3-10(2) | |
| 13 | 2009-10 | LFT BP-1916/11 Dtd.21.01.12/ 03.08.12 | 14 | ഭാഗം-1, 2-1, 3-2, 3-3, 3-4, 3-5, 3-7, 3-8, 3-9, 3-10, 3-11, 3-13, 3-14, 3-15 | |
| 14 | 2010-11 | LFT BP-1974/12 Dtd.05.02.13/ 08.04.13 | 20 | 1-1, 1-2, 1-3, ഭാഗം-2, 3-1, 3-2, 3-3, 3-4, 3-6, 3-7(a), 3-7(b), 3-8, 3-9(2,7 ഒഴികെ), 3-10, 3-11(b), 3-12, 3-13, 3-14, 3-15, 3-16 | |
| 15 | 2011-12 | LFT BP-1829/13 Dtd.05.02.14/ 14.03.14 | 16 | 1-4, 2-1, 2-2, 3-1, 3-3, 3-4(a), 3-4(b), 3-4(c), 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12 | |
| 16 | 2012-13 | LFT BP-1505/14 Dtd.05.01.15/ 10.02.15 | 9 | 3-1, 3-2, 3-3, 3-4, 3-7, 3-10, 3-12, 3-14, 3-18(2,3,5,7) | |
| 17 | 2013-14 | KSATSR BP-389/15 Dtd.13.07.15/ 30.09.15 | 8 | 1-3, 3-1, 3-1(1)(2), 3-3(b), 3-7, 3-10(1)(3), 3-16 | |
| 18 | 2014-15 | KSATSR BP1-696/16 Dtd.19.05.16/ 23.08.16 | 5 | 2-1, 3-1, 3-3(ii), 3-9, 3-11 | |
| 19 | 2015-16 | KSATSR BP1-319/17 Dtd.15.03.17 | 7 | 1-3, 3-1-1(1), 3-1-1(2), 3-1-2, 3-3, 3-8, 3-9 | |
| 20 | 2016-17 | KSATSR BP1-1751/17 Dtd.08.12.17/ 11.01.18 | 4 | 3-5, 3-7, 3-9, 3-13 | |
| 21 | 2017-18 | KSATSR BP1-1935/18 Dtd.29.01.19/ 04.04.19 | 10 | 1-10, 3-1, 3-2, 3-3(1,7), 3-4(1), 3-5, 3-7, | |

| | | | | | |
|---|---|---|---|---|---|
| | | | | 3-12, 3-16,<br>3-17(4) | |
| 22 | 2018-19 | കെ.എസ്.എ.ടി.<br>എസ്.ആർ(ബിപി1)58/2020/<br>04.05.2020 | 25 | 1-8 To 1-28, 3-1,<br>4-6, 4-9, 4-10 | |
| 23 | 2019-20 | No.KSA TSR(P6)/950<br>/22dt02.07.22 /<br>03/07/2022 | 32 | 1-8-1 To 1-8-12,<br>1-9 To 1-29 | |
| 24 | 2020-21 | KSA TSR(P6)/951<br>/2022dt.02.07.22 /<br>03/07/2022 | 51 | 1-7,<br>1-8-1 To 1-8-12,<br>1-9 To 1-44 | |
| 25 | 2021-22 | KSA TSR(P6)/540<br>/2023dt.02.07.22 /<br>28/04/2023 | 29 | 1-7,<br>1-8-1 To 1-8-9,<br>1-9 To 1-27 | |
| | ആകെ | | 344 | | |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 16-05-2023 and submitted on 17-05-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Wadakanchery Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Wadakanchery Block Panchayat for the year 2022-2023

Date: 03/10/2023

Joint Director
District Office Thrissur
Kerala State Audit Department

## Audit Report appended to the Audit Certificate of Wadakanchery Block Panchayat for the Year 2022-2023.

### 1.Major Observations

1. Assets not belonging to the Block Panchayat were included in the annual financial statements

- 410300102- Roads -Tarred
- 410300103- Roads -Metal
- 410300301- Culverts

2. The figures for the Mahatma Gandhi National Rural Employment Guarantee

Scheme are not included in the annual accounts of the Block Panchayat.

### 2.Other Observations

a.Comments relating to Income and Expenditure Account Expenditure head of account shows negative balance

The head of account 230500503-Repairs & Maintenance- Drinking water pipelines shows a negative balance of Rs.2,26,200 which is not explained by the institution.

b Comments relating to Balance Sheet

Amount used for asset creation using Specific grant account not transfered to Capital contribution and treated as revenue income

The value of works done using special purpose grants including development fund has not been added to the head "Capital contribution". Due to this, the amount of grant used for capital expenditure is added to the income of the institution and the surplus amount calculated under Income and Expenditure account increases.

c. Comments relating to Receipt and Payment Statement

Nil

d. Comments relating to Cashflow Statement

Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

e. Comments relating to Ratios

The following mandatory Financial Statements prescribed in Accounting Rules are not submitted for Audit

Ratios

f. Comments relating to Notes to accounts

6. Nil

g. Comments relating to Receipt Vouchers

Nil

h. Comments relating to Payment Vouchers

Payment Voucher- Misclassification

The following payment vouchers were booked in wrong account heads.

| Sl.no | Project | Voucher no /Date | Amount | Wrongly booked head of account | Actual head of account related to payment |
|---|---|---|---|---|---|
| 1. | 123/23 Well construction for vegetable market | 22200667/ 23.02.23 | 71,738/ | 412010101-Capital work in progress | 460500204-Advance to implementing agencies-Deposit with Ground water department. |
| 2, | 153-purchase of furnitture | 22200749/ 24.03.23 | 5,65,040/- | | |

i. Comments relating to Journal Vouchers

Lack of authenticated journal vouchers for supporting the adjustment entries

Authentic certified vouchers and worksheets is not  maintained for all journal vouchers.

j. Comments relating to Contra Vouchers

Nil

k. Comments relating to Bank Reconciliation Statement

Treasury balance of reconciliation statement differs with Treasury account statement.

The bank reconciliation statement of Treasury account 450650109-Treasury Special TSB-Joint Venture (A/c No.799011400002788) shows treasury statement balance as on 31.03.23 as Rs.1,05,934/-. However, account statement from treasury shows Nil balance as on 31.03.23 due to Govt.redemption of Rs.1,05,934/-

l. Comments relating to Demand, Collection and Balance Register

Nil

m. Comments relating to Asset Register

The Asset value shown in Balance sheet is not traceable to Asset Register due to unsupported design of existing asset register.

n. Comments relating to Inventory and other Registers

1. Non maintenance of registers

Advance register and Deposit register are not maintained. Hence, correctness of Receipt, payment and balance of amounts related to head of accounts that are included in Balance sheet schedule B-7, B-18 could not be ascertained.

2. The following head of accounts that are included in balance sheet schedule B4 neither have separate bank accounts nor have appropriation control registers.
Hence, accuracy of receipts, payments and balance of amounts could not be ascertained.

| Sl. NO. | Head of Account | Balance ason 31.03.23 |
|---|---|---|
| 1 | 320200312-Grant for festivals | 545 |
| 2 | 320300103-Grants, Funds&Contributions for specific purposes-Other govt.agencies-Total Sanitation | 60,444 |
| 3 | 320300199-Grants,Funds&Contributions for specific purposes-Other Govt.agencies | 11,77,643 |
| 4 | 320700209-Contributions for Joint Venture Projects (For Centrally Sponsored schemes)-from block panchayat | 23,93,087 |

3. Annual Project Expenditure â Expenditure as per Sulekha Statement and Expenditure as per Annual Finance Statement are mis matching.

The expenditure of various projects implemented in the annual plan for the year 2022-23 using funds like Central Finance Commission grant, Grama panchayat share, District panchayat share etc. varies according

to the Sulekha expenditure Statement and according to the Statements in the annual financial statement. Details is as shown below

| Sl. NO. | Fund | Expenditure as per Sulekha Statement Sulekha Statement | Expenditure as per Annual Finance Statement | | | Difference |
|---|---|---|---|---|---|---|
| | | | Revenue Expenditure (Inome and Expenditure Schedule I-6) | Capital Expenditure (312100101-Capital Contribution Ledger) | Total Expenditure | |
| 1 | Central Finance Commission Grant | 79,20,620 | 91,95,947 (128919+4961841+4105187) | 0 | 91,95,947 | 12,75,327 |
| 2 | Grama Panchayath Share | 16,80,000 | 22,40,000 | 0 | 22,40,000 | 5,60,000 |
| 3 | District Panchayath Share | 49,98,000 | 1,00,90,500 | 0 | 1,00,90,500 | 50,92,500 |

4. Negative balance is shown in the expenditure head

In the Income & Expenditure Statement Schedule I-12(b)-Operation & Maintenance Expenditure, the expenditure under head 230500503-Repairs & Maintenance-Drinking water pipelines is recorded as (-)2,26,200.

Joint Director,

District Audit Office, Thrissur

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3

## വാർഷികകണക്കുകളുടെ - സംക്ഷിപ്തം

**Wadakanchery Block Panchayat**

**BALANCE SHEET**

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 35818832.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 46581420.00 |
| | **Total Reserve & Surplus** | | **82400252.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 18778024.00 |
| | **Total Grants, Contributions for Specific Purposes** | | **18778024.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 0.0 |
| | **Total Loans** | | **0.0** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 586636.00 |
| 350000000 | Other Liabilities | B-9 | 565307.00 |
| | **Total Current Liabilities and Provisions** | | **1151943.00** |
| | **TOTAL LIABILITIES** | | **102330219.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 83324947.00 |
| 411000000 | Accumulated Depreciation | B-11 | -14369941.00 |
| 412000000 | Capital Work in Progress | B-11(a) | 7041591.00 |
| | **Total Fixed Assets** | | **75996597.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 4851950.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 17646679.00 |
| 460000000 | Loans, Advances and Deposits | B-18 | 3834993.00 |
| | **Total Current Assets, Loans and Advances** | | **26333622.00** |
| | **Other Assets** | | |



Digitally signed by HARID.
Date: 2023.05.17 16:48:2
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **102330219.00** |

# Wadakanchery Block Panchayat
## INCOME & EXPENDITURE STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 6840.00 |
| 140000000 | Fee & User Charges | I-4(b) | 2810.00 |
| 150000000 | Sale & Hire Charges | I-5(b) | 254852.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 70856596.00 |
| 171000000 | Interest Earned | I-8 | 5199.00 |
| | **Total Income** | | **71126297.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 2842310.00 |
| 220000000 | Administrative Expenses | I-11(b) | 1905185.00 |
| 230000000 | Operations & Maintenance | I-12(b) | 775752.00 |
| 240000000 | Interest & Finance Charges | I-13 | 1455.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6434498.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 34010247.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2017881.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 611088.00 |
| 255000000 | Maintenance Projects | I-14(e) | 1170995.00 |
| 272000000 | Depreciation | I-17(a) | 2552753.00 |
| | **Total Expenditure** | | **52322164.00** |
| | **Gross Surplus / Deficit of income over Expenditure** | | **18804133.00** |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | 58383.00 |
| | **Net difference (Prior period Income - Prior period Expenditure)** | | **18745750.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |



Digitally signed by HARID.
Date: 2023.05.17 16:48:5
Reason: Approval
Location: Kerala

# Wadakanchery Block Panchayat
## RECEIPT & PAYMENT STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 23603743.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 2810.00 |
| 150000000 | Sale & Hire Charges | RP-5 | 254852.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 55885041.00 |
| 171000000 | Interest Earned | RP-9 | 5199.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10148341.00 |
| 350000000 | Other Liabilities | RP-36 | 287160.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-34 | 348619.00 |
| 350000000 | Other Liabilities | RP-36 | 233652.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4471522.00 |
| 460000000 | Loans, Advances and Deposits | RP-47 | 297390.00 |
| | **Grand total** | | **95538329.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2842310.00 |
| 220000000 | Administrative Expenses | RP-12 | 1897523.00 |
| 230000000 | Operations & Maintenance | RP-13 | 773414.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3821109.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 32513216.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2017881.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 611088.00 |
| 255000000 | Maintenance Projects | RP-20 | 1170995.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | 60203.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 1455.00 |



Digitally signed by HARID.
Date: 2023.05.17 16:49:0:
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 146657.00 |
| 350000000 | Other Liabilities | RP-36 | 66330.00 |
| 410000000 | Fixed Assets | RP-38 | 9577899.00 |
| 412000000 | Capital work in Progress | RP-40 | 17016045.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4641950.00 |
| 460000000 | Loans, Advances and Deposits | RP-47 | 733575.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 17646679.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **95538329.00** |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ്
തൃശ്ശൂർ